# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2538 17.06.2019-ൽ മറുപടിയ്ക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന സാമ്പത്തിക, വിദ്യാഭ്യാസ, ചികിത്സാ ആനുകൂല്യങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈപുസ്തകം കാലാകാലങ്ങളിൽ അച്ചടിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ പട്ടികജാതി വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' മാസികയിലും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ കമ്മിറ്റഡ് സോഷ്യൽവർക്കർമാർ എന്നിവർ മുഖേന കോളനികൾ കേന്ദ്രീകരിച്ച് പദ്ധതികളെകുറിച്ച് ബോധവത്കരണം നടത്തി വരുന്നു. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നടത്തി വരുന്നുണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും ആവശ്യമായ വിവരങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പൊതുജനങ്ങൾക്കും നൽകി വരുന്നുണ്ട്. ജില്ലാതല ഓഫീസുകളിൽ ഇ-മെസഞ്ചർ സംവിധാനം മുഖേന പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം സംബന്ധിച്ച് വകുപ്പുതലത്തിൽ കൈപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കൈപുസ്തകം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## പട്ടികജാതി വികസനവകുപ്പ്

# വിവിധ പദ്ധതികൾ

# കൈപ്പുസ്തകം - 2017





കേരള സർക്കാർ

## പട്ടികജാതി വികസനവകുപ്പ്

# വിവിധ പദ്ധതികൾ

# കൈപ്പുസ്തകം- 2017

ബഹുമാന്യരെ,

പട്ടികജാതിവികസനവകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് ഒരു അവബോധം പൊതു സമൂഹത്തിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള ഒരു കൈപ്പുസ്തകവും, ഒരു ലഘുലേഖയും പ്രസിദ്ധീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ കൈപ്പുസ്തകം അതിന്റെ ഉള്ളടക്കം കൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ ഉപയോഗപ്രദമായിരിക്കും. മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, സന്നദ്ധ സംഘടനകൾ, എസ്.സി. പ്രൊമോട്ടർമാർ എന്നിവർക്ക് ഈ പുസ്തകം ലഭ്യമാക്കുക വഴി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള ഒരു ഏകദേശ രൂപം പട്ടികജാതി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വകുപ്പ് പ്രത്യാശിക്കുന്നു. ഇതിലെ വിവരങ്ങൾ ഒരു പൊതു ധാരണയ്ക്കു വേണ്ടി മാത്രമാണ്. ഈ കൈപ്പുസ്തകം കൂടാതെ കേരളത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും ഇതിലെ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ ഒരു ലഘുലേഖയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നുണ്ട്. സർക്കാർ സദുദ്ദേശത്തോടുകൂടി നടപ്പിലാക്കുന്ന ഈ സംരംഭത്തിന് ഏവരുടേയും സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ......

പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്.

ഡയറക്ടർ, പട്ടികജാതിവികസന വകുപ്പ്

# പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ നിയമ സാംസ്ക്കാരിക പാർലമെന്ററികാര്യവകുപ്പ് മന്ത്രിയുടെ കാര്യാലയം

| | | |
|---|---|---|
| **ശ്രീ. എ.കെ.ബാലൻ**<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ നിയമ സാംസ്ക്കാരിക പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | 0471 - 2333772,0471 2333849<br>0471 2310664, 9447962200<br>ഫാക്സ്: 2332239 | |
| **ശ്രീ. സി. പി. പ്രമോദ്**<br>*പ്രൈവറ്റ് സെക്രട്ടറി* | 0471-2518404 | 9846055246 |
| **ശ്രീ. കെ. ഉമ്മൻ**<br>*അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി* | 0471-2517257 | 9497425252 |
| **ശ്രീ. മണിഭൂഷൻ. എ.**<br>*അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി* | 0471-2333849 | 9895438336 |
| **ശ്രീ. പത്മരാജൻ. കെ**<br>*അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി* | 0471-2518414 | 8589097048 |
| **ശ്രീ. ശിവദാസ്. വി**<br>*അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി* | 0471-2518594 | 9496241502 |
| **ശ്രീ. അഭിലാഷ്. ആർ**<br>*അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി* | 9447533840 | |
| **ശ്രീ. അശോക് കുമാർ. എസ്**<br>*പേഴ്സണൽ അസിസ്റ്റന്റ്* | 0471-2518126 | 9447716820 |
| **ശ്രീ. അനീഷ്. പി**<br>*അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്* | 9847796688 | |
| **ശ്രീ. ജോഷി. എ. എം**<br>*സെക്ഷൻ ഓഫീസർ* | 0471-2517226 | 9497425849 |

# പട്ടികജാതി – പട്ടികവർഗ വികസന വകുപ്പ് സെക്രട്ടേറിയേററ്

| | | |
|---|---|---|
| **ഡോ. വേണു. വി ഐ. എ. എസ്.**<br>*പ്രിൻസിപ്പൽ സെക്രട്ടറി*<br>പട്ടികജാതി/പട്ടികവർഗ്ഗ ടൂറിസം,<br>പിന്നാക്ക സമുദായ ക്ഷേമവകുപ്പ് | 0471-2327438<br>2518232 | |
| **ശ്രീമതി. കെ. പി. രമാദേവി**<br>*അഡീഷണൽ സെക്രട്ടറി* | 0471-2327974 | 9446258326 |
| **ശ്രീ. റംലത്ത്. പി**<br>*ജോയിന്റ് സെക്രട്ടറി* | 0471-2518721<br>2338030 | 9495043828 |
| **ശ്രീ. നന്ദകുമാർ**<br>*ജോയിന്റ് സെക്രട്ടറി* | 0471-2518571 | 9847837476 |
| **ശ്രീമതി. ബി. തങ്കമണി**<br>*അണ്ടർ സെക്രട്ടറി* | 0471-2518656 | 9961689331 |
| **ഡോ. ഒ. സെറീന**<br>*ഡെപ്യൂട്ടി സെക്രട്ടറി* | 0471-2518664 | 9446302184 |
| **ശ്രീ. രാജേഷ്കുമാർ. എം**<br>*അണ്ടർ സെക്രട്ടറി* | 0471-2518226 | 9400430740 |

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ,**

**വെള്ളയമ്പലം, തിരുവനന്തപുരം**

www.scdd.kerala.gov.in

ഇമെയിൽ - sc.directorate@gmail.com

| | | |
|---|---|---|
| **ശ്രീ. പി.എം.അലി അസ്ഗർ പാഷ** | | |
| **ഐ.എ.എസ്** | 0471-2737240, 2314455 (P) | |
| *ഡയറക്ടർ* | 0471-2737400 | |
| ഫാക്സ് : | 0471-2317397 | |
| **ശ്രീ. എം.എൻ.ദിവാകരൻ** | 0471-2737225 | 854763000 |
| *അഡീഷണൽ ഡയറക്ടർ* | | |
| **ശ്രീ. ഇ. ശ്രീധരൻ** | 0471-2737244 | 9995881670 |
| *സീനിയർ ഫിനാൻസ് ഓഫീസർ* | | |
| **ശ്രീ.എം. രാജേഷ് കുമാർ** | 0471-2737222 | |
| *സീനിയർ അഡ്മിനിസ്ട്രേറ്റീവ്* | | |
| *ഓഫീസർ ഫാക്സ് :* | 0471-2737223 | 9400430740 |
| **ശ്രീമതി. പി.ജെ.ആമിന** | | |
| *ചീഫ് പ്ലാനിംഗ് ഓഫീസർ* | 0471-2737227 | 9746572276 |
| **ഡോ.പി.ബി.ഗംഗാധരൻ** | | |
| *ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)* | 0471-2737276 | *854763002* |
| **ശ്രീമതി എസ്. ശാരദ** | 0471-2737229 | 8547630003 |
| *ജോയിന്റ് ഡയറക്ടർ (വികസനം)* | | |
| **ശ്രീമതി. ബെജി അബ്രഹാം** | 0471-2737248 | 8547630001 |
| *ഡെ.ഡയറക്ടർ(അഡി. ചാർജ്ജ്)* | | |
| (വിജിലൻസ്) ഫാക്സ് : | 0471-2737249 | |
| **ശ്രീ. വി.മൊയ്തൂട്ടി** | 0471-2737263 | 9744923736 |
| *ട്രെയിനിംഗ് ഓഫീസർ* | | |
| **ഡോ. കെ.കെ.സനീഷ്കുമാർ** | 0471-2737237 | 974699123 |
| *റിസർച്ച് ഓഫീസർ* | | |

## റീജിയണൽ ഓഫീസുകൾ

ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല,
പട്ടികജാതി വികസന വകുപ്പ്
കനകനഗർ, വെള്ളയമ്പലം, അയ്യൻകാളി ഭവൻ,
[illegible] തിരുവനന്തപുരം

ശ്രീമതി. [illegible]   0471-2310761, 2737216   8547630004
*ഡെപ്യൂട്ടി ഡയറക്ടർ*

---

ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല,
സിവിൽസ്റ്റേഷൻ, കോഴിക്കോട്

ശ്രീ. പി. ഇബ്രാഹിം   0495 – 2370379   8547630005
*ഡെപ്യൂട്ടി ഡയറക്ടർ*

---

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ സെക്ഷനുകളുടെ ടെലിഫോൺ നമ്പരുകൾ

| | | |
|---|---|---|
| ഡയറക്ടർ | 0471 2737 | 400 |
| ഡയറക്ടറുടെ സി.എ | | 240 |
| അഡീഷണൽ ഡയറക്ടർ | | 225 |
| അഡീഷണൽ ഡയറക്ടറുടെ സി.എ | | 224 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | | 222 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ | | 223 |
| വിജിലൻസ് ഓഫീസർ | | 248 |
| വിജിലൻസ് ഓഫീസറുടെ സി.എ | | 249 |
| ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) | | 276 |
| ജോയിന്റ് ഡയറക്ടർ (ഡെവലപ്മെന്റ്) | | 229 |
| ചീഫ് പ്ലാനിംഗ് ഓഫീസർ | | 227 |
| ഫിനാൻസ് ഓഫീസർ | | 244 |
| ട്രെയിനിംഗ് ഓഫീസർ | | 263 |
| റിസർച്ച് ഓഫീസർ | | 237 |
| റിസർച്ച് അസിസ്റ്റന്റ് | | 236 |

| | |
|---|---|
| എസ്റ്റാ - എ | 246 |
| എസ്റ്റാ - ബി | 245 |
| എസ്റ്റാ - സി | 261 |
| ക്യാഷ് | 247 |
| സ്റ്റേഷനറി | 264 |
| പ്ലാനിംഗ് സൂപ്രണ്ട് | 235 |
| ഡെവ - എ | 233 |
| ഡെവ - ബി | 232 |
| ഡെവ. ബി2 | 309 |
| ഡെവ - സി | 234 |
| ഡെവ - ഡി | 308 |
| എഡ്യു - എ | 258 |
| എഡ്യു - ബി | 251 |
| എഡ്യു - സി | 253 |
| ടെക്നിക്കൽ | 256 |
| ഫെയർകോപ്പി -I | 239 |
| ഫെയർകോപ്പി - II | 238 |
| ഫിനാൻസ് I | 243 |
| ഫിനാൻസ് II | 241 |
| ആഡിറ്റ് I | 254 |
| ആഡിറ്റ് II | 255 |
| എൻക്വയറി | 302 |

## ജില്ലാ പട്ടികജാതി വികസന ആഫീസുകൾ

*തിരുവനന്തപുരം*
**ശ്രീ. വി. അനിൽകുമാർ**
അയ്യങ്കാളി ഭവൻ,
വെള്ളയമ്പലം, 0471- 2314238 8547630006
ddotvpm@gmail.com
തിരുവനന്തപുരം

*കൊല്ലം*
**ശ്രീ. എം. നജീം**
സിവിൽ സ്റ്റേഷൻ,
കൊല്ലം 0474 - 2794996 8547630022
ddoforsckollam@yahoo.in

| | | | |
|---|---|---|---|
| *പത്തനംതിട്ട*<br>**ശ്രീ. ബി. ശ്രീകുമാർ** | മിനി സിവിൽ സ്റ്റേഷൻ, പത്തനംതിട്ട<br>ddopta@gmail.com | 0468 - 2322712 | 8547630037 |
| *ആലപ്പുഴ*<br>**ശ്രീമതി. കെ. കെ. ശാന്താമണി** | സിവിൽ സ്റ്റേഷൻ<br>ആലപ്പുഴ<br>ddoforscalpy@gmail.com | 0477 - 2252548 | 8547630048 |
| *കോട്ടയം*<br>**ശ്രീ. കെ. ബി. ലാലാജി** | സിവിൽ സ്റ്റേഷൻ<br>കോട്ടയം<br>scddoktm@gmail.com | 0481 - 2562503 | 8547630061 |
| *ഇടുക്കി*<br>**ശ്രീമതി സിന്ധു പരമേശ്**<br>ADDO in charge | ബസ്സ്റ്റാന്റ്ബിൽഡിംഗ്സ്<br>മൂലമറ്റം, ഇടുക്കി<br>ddoforscidukki@yahoo.in | 0486 - 2252003 | 8547630073 |
| *എറണാകുളം*<br>**ശ്രീ. കെ എച്ച് അബ്ദുൾ സത്താർ** | സിവിൽ സ്റ്റേഷൻ<br>എറണാകുളം<br>ddoscekm@gmail.com | 0484 - 2422256 | 8547630081 |
| *തൃശൂർ*<br>**ശ്രീ. ടോമി ചാക്കോ** | സിവിൽ സ്റ്റേഷൻ,<br>തൃശൂർ<br>ddosctcr@gmail.com | 0487 - 2360381 | 8547630099 |
| *പാലക്കാട്*<br>**ശ്രീ. ജോസഫ് ജോൺ**<br>ADDO in charge | സിവിൽ സ്റ്റേഷൻ,<br>പാലക്കാട്<br>scddpkd@gmail.com | 0491 - 2505005 | 8547630118 |
| *മലപ്പുറം*<br>**ശ്രീമതി. ലതാ നായർ** | സിവിൽ സ്റ്റേഷൻ,<br>മലപ്പുറം<br>ddompm@gmail.com | 0483 - 2734901 | 8547630133 |
| *കോഴിക്കോട്*<br>**ശ്രീ. എ.കെ. രഘുനാഥ്** | സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട്<br>ddosckkd@gmail.com | 0495 - 2370379 | 8547630148 |

*വയനാട്*
**ശ്രീ. റ്റി. എ. ജോൺസൺ ലോറൻസ്**
(ഇൻ ചാർജ്)
LIC ആഫീസിന് എതിർവശം,
കോഴിക്കോട് റോഡ്,കൽപ്പറ്റ
04936 - 203824 8547630160
scdepartmentwyd@gmail.com

*കണ്ണൂർ*
**ശ്രീ. കെ. ജെ. മൈക്കിൾ**
സിവിൽ സ്റ്റേഷൻ,
കണ്ണൂർ
0497 - 2700596 8547630164
ddosckannur@yahoo.com

*കാസർഗോഡ്*
**ശ്രീ. എം. പി. സജിത്**
സിവിൽ സ്റ്റേഷൻ,
കാസർഗോഡ്
04994 - 256162 8547630170
ddoscksd14@gmail.com

---

## ചീഫ് പബ്ലിസിറ്റി ഓഫീസ്

**അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം**

**cposcdd@gmail.com**

**ശ്രീ. എസ്. എൻ. നന്ദകുമാർ**
*ചീഫ് പബ്ലിസിറ്റി ഓഫീസർ*
0471 - 2315375 9447441957
0471 - 2737218

**ശ്രീ. ജെ. എൻ. ബാബു**
*എഡിറ്റർ, പടവുകൾ*
0471 - 2737218 9496750436

---

## ട്രെയിനിംഗ് വിംഗ്, റീജിയണൽ ഓഫീസുകൾ

**ശ്രീമതി. കെ. ചിന്നമ്മ സാമുവൽ**
ട്രെയിനിംഗ് ഇൻസ്പെക്ടർ
*ദക്ഷിണമേഖല, തിരുവനന്തപുരം*
0471 - 2316680 9744630465

**ശ്രീമതി. കെ. ജഗദമ്മ**
*ട്രെയിനിംഗ് ഇൻസ്പെക്ടർ*
*ഉത്തരമേഖല, കോഴിക്കോട്*
0495 - 2371451 9497613142

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങൾ

### i. പ്രീ– എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC)

| പ്രിൻസിപ്പാളിന്റെ പേര് | ഓഫീസ് മേൽവിലാസം | ഫോൺ/മൊബൈൽ |
|---|---|---|
| 1. ഡോ. എം. എസ്. രാജൻ (തിരുവനന്തപുരം) | ഗവ.പ്രസ്സിനു സമീപം<br>അംബേദ്കർ ഭവൻ<br>കോംപോണ്ട്, മണ്ണന്തല<br>തിരുവനന്തപുരം - 695015<br>petctvm@gmail.com | 0471-2543441<br>9447010377<br>0471-2463441 (O) |
| 2. ശ്രീ. രാമചന്ദ്രൻ റ്റി. (എറണാകുളം) | ഗവ. ബുക്ക് ഡിപ്പോയ്ക്ക് സമീപം<br>സബ് ജയിൽ റോഡ്,ബൈലെയിൻ<br>ആലുവ - 683101<br>ഇമെയിൽ : petcernakulam@gmail.com | 0484-2623304(O) |
| 3. ശ്രീ. ടി.കെ. ഉമ്മർ (കോഴിക്കോട്) | ഈസ്റ്റ്ഹിൽ (യൂത്ത് ഹോസ്റ്റലിന് സമീപം)<br>വെസ്റ്റ് ഹിൽ പി.ഒ.,<br>കോഴിക്കോട് - 673005<br>ഇമെയിൽ:petckozhikode@gmail.com | 9847442341<br>0495-2381624 (O) |
| 4. ഡോ. മുഹമ്മദ് അബ്ദുൾ റഹ്മാൻ (പാലക്കാട്) | ഇ.പി.ടവർ, ചന്ദ്രപുര,<br>9447423632<br>കുഴൽമന്ദം.,<br>പാലക്കാട്<br>ഇമെയിൽ:petckuz@gmail.com | 04922-273777 (O) |

### ii. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ്സ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICETS)

ഗ്രൗണ്ട് ഫ്ളോർ,അംബേദ്ക്കർ ഭവൻ,
ഗവ. പ്രസ്സിന് സമീപം, മണ്ണന്തല,
തിരുവനന്തപുരം–695015

വെബ്സൈറ്റ്:www.icsets.org, e.mail :icsets@gmail.com

| | |
|---|---|
| ഡോ. ചിത്ര ത്രിവിക്രമൻ നായർ<br>പ്രിൻസിപ്പാൾ | 0471-2533272 (O) 8547443458<br>ഇമെയിൽ:chitranair-t@yahoo.com |
| ശ്രീ. അജികുമാർ. എ<br>മാനേജർ | 8089820100 |

## iii. തോന്നയ്ക്കൽ കോളനൈസേഷൻ സ്കീം, കുടവൂർ പി.ഒ.

ശ്രീ. മിനി. പി (ഇൻചാർജ്) 8547630015
സ്പെഷ്യൽ താലൂക്ക് പട്ടികജാതി
വികസന ഓഫീസർ
പോത്തൻകോട്

---

## ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ

**തിരുവനന്തപുരം ജില്ല**

| | | |
|---|---|---|
| 1. | തിരുവനന്തപുരം കോർപ്പറേഷൻ | 8547630007 |
| 2. | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 8547630008 |
| 3. | വർക്കല മുനിസിപ്പാലിറ്റി | 8547630009 |
| 4. | പാറശ്ശാല ബ്ലോക്ക് | 8547630010 |
| 5. | പെരുങ്കടവിള ബ്ലോക്ക് | 8547630011 |
| 6. | അതിയന്നൂർ ബ്ലോക്ക് | 8547630012 |
| 7. | നേമം ബ്ലോക്ക് | 8547630013 |
| 8. | തിരുവനന്തപുരം കോർപ്പറേഷൻ (അഡീഷണൽ) | 8547630014 |
| 9. | പോത്തൻകോട് ബ്ലോക്ക് | 8547630015 |
| 10. | വെള്ളനാട് ബ്ലോക്ക് | 8547630016 |
| 11. | നെടുമങ്ങാട് ബ്ലോക്ക് | 8547630017 |
| 12. | വാമനപുരം ബ്ലോക്ക് | 8547630018 |
| 13. | കിളിമാനൂർ ബ്ലോക്ക് | 8547630019 |
| 14. | ചിറയിൻകീഴ് ബ്ലോക്ക് | 8547630020 |
| 15. | വർക്കല ബ്ലോക്ക് | 8547630021 |
| 16. | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 8547630930 |
| 17. | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | 8547630931 |

**കൊല്ലം ജില്ല**

| | |
|---|---|
| 18. കൊല്ലം കോർപ്പറേഷൻ | 8547630023 |
| 19. ഓച്ചിറ ബ്ലോക്ക് | 8547630024 |
| 20. ശാസ്താംകോട്ട ബ്ലോക്ക് | 8547630026 |
| 21. വെട്ടിക്കവല ബ്ലോക്ക് | 8547630027 |
| 22. പത്തനാപുരം ബ്ലോക്ക് | 8547630028 |
| 23. അഞ്ചൽ ബ്ലോക്ക് | 8547630029 |
| 24. കൊട്ടാരക്കര ബ്ലോക്ക് | 8547630030 |
| 25. ചിറ്റുമല ബ്ലോക്ക് | 8547630031 |
| 26. ചവറ ബ്ലോക്ക് | 8547630032 |
| 27. മുഖത്തല ബ്ലോക്ക് | 8547630034 |
| 28. ഇത്തിക്കര ബ്ലോക്ക് | 8547630035 |
| 29. ചടയമംഗലം ബ്ലോക്ക് | 8547630036 |

**പത്തനംതിട്ട ജില്ല**

| | |
|---|---|
| 30. തിരുവല്ല മുനിസിപ്പാലിറ്റി | 8547630038 |
| 31 മല്ലപ്പള്ളി ബ്ലോക്ക് | 8547630039 |
| 32. പുളിക്കീഴ് ബ്ലോക്ക് | 8547630040 |
| 33. കോയിപ്രം ബ്ലോക്ക് | 8547630041 |
| 34. ഇലന്തൂർ ബ്ലോക്ക് | 8547630042 |
| 35. റാന്നി ബ്ലോക്ക് | 8547630043 |
| 36. കോന്നി ബ്ലോക്ക് | 8547630044 |
| 37. പന്തളം ബ്ലോക്ക് | 8547630045 |
| 38. പറക്കോട് ബ്ലോക്ക് | 8547630046 |

**ആലപ്പുഴ ജില്ല**

| | |
|---|---|
| 39. തൈക്കാട്ടുശ്ശേരി ബ്ലോക്ക് | 8547630049 |
| 40. പട്ടണക്കാട് ബ്ലോക്ക് | 8547630050 |
| 41. കഞ്ഞിക്കുഴി ബ്ലോക്ക് | 8547630051 |
| 42. ആര്യാട് ബ്ലോക്ക് | 8547630052 |

| | |
|---|---|
| 43 അമ്പലപ്പുഴ ബ്ലോക്ക് | 8547630053 |
| 44. ചമ്പക്കുളം ബ്ലോക്ക് | 8547630054 |
| 45. വെളിയനാട് ബ്ലോക്ക് | 8547630055 |
| 46. ചെങ്ങന്നൂർ ബ്ലോക്ക് | 8547630056 |
| 47. ഹരിപ്പാട് ബ്ലോക്ക് | 8547630057 |
| 48. മാവേലിക്കര ബ്ലോക്ക് | 8547630058 |
| 49. ഭരണിക്കാവ് ബ്ലോക്ക് | 8547630059 |
| 50. മുതുകുളം ബ്ലോക്ക് | 8547630060 |

**കോട്ടയം ജില്ല**

| | |
|---|---|
| 51. കോട്ടയം മുനിസിപ്പാലിറ്റി | 8547630062 |
| 52. വൈക്കം ബ്ലോക്ക് | 8547630063 |
| 53. കടുത്തുരുത്തി ബ്ലോക്ക് | 8547630064 |
| 54. ഏറ്റുമാനൂർ ബ്ലോക്ക് | 8547630065 |
| 55. ഉഴവൂർ ബ്ലോക്ക് | 8547630066 |
| 56. ളാലം ബ്ലോക്ക് | 8547630067 |
| 57. പാമ്പാടി ബ്ലോക്ക് | 8547630068 |
| 58. പള്ളം ബ്ലോക്ക് | 8547630069 |
| 59. മാടപ്പള്ളി ബ്ലോക്ക് | 8547630070 |
| 60. വാഴൂർ ബ്ലോക്ക് | 8547630071 |
| 61. കാഞ്ഞിരപ്പള്ളി ബ്ലോക്ക് | 8547630072 |

**ഇടുക്കി ജില്ല**

| | |
|---|---|
| 62. അടിമാലി ബ്ലോക്ക് | 8547630074 |
| 63. ദേവികുളം ബ്ലോക്ക് | 8547630075 |
| 64. നെടുങ്കണ്ടം ബ്ലോക്ക് | 8547630076 |
| 65. ഇളംദേശം ബ്ലോക്ക് | 8547630077 |
| 66. ഇടുക്കി ബ്ലോക്ക് | 8547630078 |
| 67. കട്ടപ്പന ബ്ലോക്ക് | 8547630079 |
| 68. അഴുത ബ്ലോക്ക് | 8547630080 |

| | |
|---|---|
| 69. തൊടുപുഴ ബ്ലോക്ക് | 8547630932 |
| 70. തൊടുപുഴ മുനിസിപ്പാലിറ്റി | 8547630933 |
| **എറണാകുളം ജില്ല** | |
| 71. കൊച്ചി കോർപ്പറേഷൻ | 8547630082 |
| 72. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 8547630083 |
| 73. കളമശ്ശേരി മുനിസിപ്പാലിറ്റി | 8547630084 |
| 74. പറവൂർ ബ്ലോക്ക് | 8547630085 |
| 75. ആലങ്ങാട് ബ്ലോക്ക് | 8547630086 |
| 76. അങ്കമാലി ബ്ലോക്ക് | 8547630087 |
| 77. കൂവപ്പടി ബ്ലോക്ക് | 8547630088 |
| 78. വാഴക്കുളം ബ്ലോക്ക് | 8547630089 |
| 79. ഇടപ്പള്ളി ബ്ലോക്ക് | 8547630090 |
| 80. വൈപ്പിൻ ബ്ലോക്ക് | 8547630091 |
| 81. മുളംതുരുത്തി ബ്ലോക്ക് | 8547630093 |
| 82. വടവുകോട് ബ്ലോക്ക് | 8547630094 |
| 83. കോതമംഗലം ബ്ലോക്ക് | 8547630095 |
| 84. പാമ്പാക്കുട ബ്ലോക്ക് | 8547630096 |
| 85. പാറക്കടവ് ബ്ലോക്ക് | 8547630097 |
| 86. മൂവാറ്റുപുഴ ബ്ലോക്ക് | 8547630098 |
| 87. പള്ളുരുത്തി ബ്ലോക്ക് | 8547630934 |
| 88. തൃക്കാക്കര മുനിസിപ്പാലിറ്റി | 8547630935 |
| **തൃശ്ശൂർ ജില്ല** | |
| 89. തൃശ്ശൂർ കോർപ്പറേഷൻ | 8547630100 |
| 90. ചാവക്കാട് ബ്ലോക്ക് | 8547630101 |
| 91. ചൊവ്വന്നൂർ ബ്ലോക്ക് | 8547630102 |
| 92. വടക്കാഞ്ചേരി ബ്ലോക്ക് | 8547630103 |
| 93. പഴയന്നൂർ ബ്ലോക്ക് | 8547630104 |

| | |
|---|---|
| 94. ഒല്ലൂക്കര ബ്ലോക്ക് | 8547630105 |
| 95. പുഴക്കൽ ബ്ലോക്ക് | 8547630106 |
| 96. മുല്ലശ്ശേരി ബ്ലോക്ക് | 8547630107 |
| 97. തളിക്കുളം ബ്ലോക്ക് | 8547630108 |
| 98. അന്തിക്കാട് ബ്ലോക്ക് | 8547630109 |
| 99. ചേർപ്പ് ബ്ലോക്ക് | 8547630110 |
| 100. കൊടകര ബ്ലോക്ക് | 8547630111 |
| 101. ഇരിങ്ങാലക്കുട ബ്ലോക്ക് | 8547630112 |
| 102. വെള്ളാങ്കല്ലൂർ ബ്ലോക്ക് | 8547630113 |
| 103. മതിലകം ബ്ലോക്ക് | 8547630114 |
| 104. മാള ബ്ലോക്ക് | 8547630116 |
| 105. ചാലക്കുടി ബ്ലോക്ക് | 8547630117 |
| 106. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 8547630936 |
| 107. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 8547630937 |
| 108. ഗുരുവായൂർ മുനിസിപ്പാലിറ്റി | 8547630938 |
| 109. കുന്നംകുളം മുനിസിപ്പാലിറ്റി | 8547630939 |
| **പാലക്കാട് ജില്ല** | |
| 110. പാലക്കാട് മുനിസിപ്പാലിറ്റി | 8547630119 |
| 111. ഷൊർണൂർ മുനിസിപ്പാലിറ്റി | 8547630120 |
| 112. തൃത്താല ബ്ലോക്ക് | 8547630121 |
| 113. പട്ടാമ്പി ബ്ലോക്ക് | 8547630122 |
| 114. ഒറ്റപ്പാലം ബ്ലോക്ക് | 8547630123 |
| 115. ശ്രീകൃഷ്ണപുരം ബ്ലോക്ക് | 8547630124 |
| 116. മണ്ണാർക്കാട് ബ്ലോക്ക് | 8547630125 |
| 117. പാലക്കാട് ബ്ലോക്ക് | 8547630126 |
| 118. കുഴൽമന്ദം ബ്ലോക്ക് | 8547630127 |
| 119. ചിറ്റൂർ ബ്ലോക്ക് | 8547630128 |
| 120. കൊല്ലങ്കോട് ബ്ലോക്ക് | 8547630129 |

| | | |
|---|---|---|
| 121. | നെൻമാറ ബ്ലോക്ക് | 8547630130 |
| 122. | ആലത്തൂർ ബ്ലോക്ക് | 8547630131 |
| 123. | മലമ്പുഴ ബ്ലോക്ക് | 8547630132 |

**മലപ്പുറം ജില്ല**

| | | |
|---|---|---|
| 124. | മഞ്ചേരി മുനിസിപ്പാലിറ്റി | 8547630134 |
| 125. | നിലമ്പൂർ ബ്ലോക്ക് | 8547630135 |
| 126. | കൊണ്ടോട്ടി ബ്ലോക്ക് | 8547630136 |
| 127. | വണ്ടൂർ ബ്ലോക്ക് | 8547630137 |
| 128. | അരീക്കോട് ബ്ലോക്ക് | 8547630138 |
| 129. | പെരിന്തൽമണ്ണ ബ്ലോക്ക് | 8547630139 |
| 130. | മങ്കട ബ്ലോക്ക് | 8547630140 |
| 131. | കുറ്റിപ്പുറം ബ്ലോക്ക് | 8547630141 |
| 132. | വേങ്ങര ബ്ലോക്ക് | 8547630142 |
| 133. | തിരൂരങ്ങാടി ബ്ലോക്ക് | 8547630143 |
| 134. | താനൂർ ബ്ലോക്ക് | 8547630144 |
| 135. | തിരൂർ ബ്ലോക്ക് | 8547630145 |
| 136. | പൊന്നാനി ബ്ലോക്ക് | 8547630146 |
| 137. | പെരുമ്പടപ്പ ് ബ്ലോക്ക് | 8547630147 |
| 138. | കാളികാവ് ബ്ലോക്ക് | 8547630115 |
| 139. | മലപ്പുറം ബ്ലോക്ക് | 8547630940 |
| 140. | പൊന്നാനി മുനിസിപ്പാലിറ്റി | 8547630941 |

**കോഴിക്കോട് ജില്ല**

| | | |
|---|---|---|
| 141. | കോഴിക്കോട് കോർപ്പറേഷൻ | 8547630149 |
| 142. | കുന്നുമ്മൽ ബ്ലോക്ക് | 8547630150 |
| 143. | തോടന്നൂർ ബ്ലോക്ക് | 8547630151 |
| 144. | മേലടി ബ്ലോക്ക് | 8547630152 |
| 145. | പേരാമ്പ്ര ബ്ലോക്ക് | 8547630153 |
| 146. | ബാലുശ്ശേരി ബ്ലോക്ക് | 8547630154 |
| 147. | പന്തലായനി ബ്ലോക്ക് | 8547630155 |

| | | |
|---|---|---|
| 148. | ചേലന്നൂർ ബ്ലോക്ക് | |
| 149. | കൊടുവള്ളി ബ്ലോക്ക് | 8547630157 |
| 150. | കുന്നമംഗലം ബ്ലോക്ക് | 8547630158 |
| 151. | കോഴിക്കോട് ബ്ലോക്ക് | 8547630159 |
| 152. | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 8547630942 |
| **വയനാട് ജില്ല** | | |
| 153. | മാനന്തവാടി ബ്ലോക്ക് | 8547630161 |
| 154 | സുൽത്താൻ ബത്തേരി ബ്ലോക്ക് | 8547630162 |
| 155. | കൽപ്പറ്റ ബ്ലോക്ക് | 8547630163 |
| 156. | പനമരം ബ്ലോക്ക് | 8547630943 |
| **കണ്ണൂർ ജില്ല** | | |
| 157. | പയ്യന്നൂർ ബ്ലോക്ക് | 8547630165 |
| 158. | തളിപ്പറമ്പ് ബ്ലോക്ക് | 8547630166 |
| 159. | ഇരിക്കൂർ ബ്ലോക്ക് | 8547630167 |
| 160. | കണ്ണൂർ ബ്ലോക്ക് | 8547630168 |
| 161. | എടക്കാട് ബ്ലോക്ക് | 8547630169 |
| 162. | കല്ല്യാശ്ശേരി ബ്ലോക്ക് | 8547630092 |
| 163. | പാനൂർ ബ്ലോക്ക് | 8547630025 |
| **കാസറഗോഡ് ജില്ല** | | |
| 164. | മഞ്ചേശ്വരം ബ്ലോക്ക് | 8547630171 |
| 165. | കാസറഗോഡ് ബ്ലോക്ക് | 8547630172 |
| 166. | കാഞ്ഞങ്ങാട് ബ്ലോക്ക് | 8547630173 |
| 167. | നീലേശ്വരം ബ്ലോക്ക് | 8547630174 |
| 168. | കാറടുക്ക ബ്ലോക്ക് | 8547630115 |
| 169. | പരപ്പ ബ്ലോക്ക് | 8547630047 |

# ആമുഖം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതല്ല. ഭാരതത്തിൻെറ ഭരണഘടനാ നിർമ്മാണ വേളയിൽത്തന്നെ പാർശ്വ വത്കൃത ജനതയെ എങ്ങനെ മുഖ്യധാരയിലെത്തിക്കണം എന്നത് വിശദമായി ചർച്ച ചെയ്തിരുന്നു. വിദ്യാഭ്യാസത്തിനും ജോലിക്കുമുള്ള സംവരണം എന്ന ആശയത്തോട് കടുത്ത എതിർപ്പ് പ്രകടിപ്പിച്ച ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളോട് എച്ച്. ജെ ഖണ്ഡേക്കർ വാദിച്ചത് ഇന്നും പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു ഇന്നു ഞങ്ങൾ അയോഗ്യരാണെങ്കിൽ അതിന് ഉത്തരവാദികൾ നിങ്ങളാണ്. ആയിരക്കണക്കിന് വർഷങ്ങളായി ഞങ്ങൾ അടിച്ചമർത്തപ്പെട്ടുവരുന്നു. നിങ്ങൾ ഞങ്ങളെ സേവകരാക്കി, നിങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു. ഞങ്ങളുടെ ശരീരവും മനസ്സും പ്രവർത്തിക്കാത്ത വിധം ഞങ്ങൾക്ക് മുന്നോട്ടു പോകാനാകാത്ത വിധം അടിച്ചമർത്തി.

ആയിരക്കണക്കിനു വർഷങ്ങളുടെ കഠിന ജീവിതത്തിൻെറ പരിക്കുകൾ ഭേദമാകുന്നതിന് അറുപത്തിയെട്ടു വർഷങ്ങളുടെ ചികിത്സ മാത്രം മതിയാവില്ല. പാർശ്വവൽക്കൃത ജനതയുടെ പ്രശ്ന പരിഹാരത്തിന് നാം ഏറെ ദൂരം പോകേണ്ടതുണ്ട്. ഭരണ ഘടനയുടെ 341-ാം അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നാം ആസൂത്രണം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വിഭാഗജനങ്ങളുടെ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാര സമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും നാം ലക്ഷ്യത്തിലെത്തിയിട്ടില്ലെന്നു തന്നെ പറയേണ്ടി വരും. പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ

നടപ്പിലാക്കുന്നുണ്ട്. പലപ്പോഴും ടി പദ്ധതികളെക്കുറിച്ച് താഴെത്തട്ടിൽ വേണ്ടത്ര അറിവ് ലഭ്യമല്ലെന്നതാണ് സ്ഥിതി. നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മാത്രമേ ലക്ഷ്യജനവിഭാഗങ്ങൾക്ക് ഇത്തരം അറിവ് എത്തിച്ചു കൊടുക്കാനാവൂ. സംസ്ഥാന സർക്കാർ വിജ്ഞാന വ്യാപന പ്രക്രിയ കൂടുതൽ കരുത്തുറ്റതും വേഗത്തിലും ആക്കാൻ ഉദ്ദേശിക്കുന്നു.

പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. വകുപ്പിൻെറ പ്രധാന ലക്ഷ്യ വിഭാഗം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികജാതി സമുദായങ്ങളാണ്. മററ് പിന്നാക്ക സമുദായങ്ങളും സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മുന്നാക്ക സമുദായങ്ങളും പട്ടികജാതി വികസന വകുപ്പിൻെറ വിദ്യാഭ്യാസ പദ്ധതികളുടെ ഗുണഭോക്താക്കളാണെന്നത് പൊതു സമൂഹം പലപ്പോഴും മനസ്സിലാക്കാതെ പോകുന്ന ഒന്നാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിലുൾപ്പെടുത്താം.

**I. വിദ്യാഭ്യാസ പരിപാടികൾ**

**II. സാമ്പത്തിക വികസന പരിപാടികൾ**

**III. സാമൂഹ്യക്ഷേമ പരിപാടികൾ**

**IV. സാംസ്കാരിക പരിപാടികൾ**

**V. നിയമാധിഷ്ഠിത സേവനങ്ങൾ**

## വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിൻെറ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളു എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

## 1. നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30/-രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600/- രൂപ, 190/- രൂപ ലംപ്സംഗ്രാൻറ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽനിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

## 2. പ്രീമെട്രിക് വിദ്യാഭ്യാസം (10–ാം ക്ലാസ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി /മറ്റർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച്15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാൻറ് നൽകുന്നു.

### a) ലംപ്സംഗ്രാൻറ് നിരക്ക് -

നഴ്സറി സ്കൂൾ (വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം) - 190/- രൂപ

| | | |
|---|---|---|
| 1 മുതൽ 4 വരെ | - | 320/- രൂപ |
| 5 മുതൽ 7 വരെ | - | 630/- രൂപ |
| 8 മുതൽ 10 വരെ | - | 940/- രൂപ |

ഒരു വർഷം തോറ്റവർക്ക് പകുതി തുക.

### b) സ്റ്റൈപൻറ്

വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപൻറ് നൽകുന്നു.

| | | |
|---|---|---|
| 1 മുതൽ 4 വരെ | - | 30/- രൂപ |
| 5 മുതൽ 7 വരെ | - | 60/- രൂപ |
| 8 മുതൽ 10 വരെ | - | 190/- രൂപ |

### c) 9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രിമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രഹായപദ്ധതി)

9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പൻഡും ഗ്രാന്റും നൽകുന്ന പദ്ധതി

| നിരക്കുകൾ | | |
|---|---|---|
| | ഹോസ്റ്റലേഴ്സ് | ഡേ സ്കോളർ |
| സ്കോളർഷിപ്പ് (പ്രതിമാസം) | 350 | 150 |
| ബുക്ക് ഗ്രാന്റ് | 1000 | 750 |

### d) വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായപദ്ധതി)

**ജാതി മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപ്പന്റ്-1ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ-110/- രൂപ, അഡ്ഹോക്ക് ഗ്രാന്റ്-750/- രൂപ (ഡേ സ്കോളേഴ്സ്), ഹോസ്റ്റൽ അന്തേവാസികൾക്ക്- 1000/- രൂപ.**

ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷ നൽകണം.

### e) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെൻറ്.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു.

| | | നിരക്ക് |
|---|---|---|
| എൽ.പി, യു.പി ഫീസ് | - | 1000/ രൂപ |
| സ്പെഷ്യൽ ഫീസ് | - | 333/- രൂപ |
| എച്ച്. എസ്. ഫീസ് | - | 1500/ രൂപ |
| സ്പെഷ്യൽ ഫീസ് | - | 500/- രൂപ |

വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി /മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി. ഇ. ഒ/ എ. ഇ ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽക ണം. ഒരു അദ്ധ്യയന വർഷത്തെ തുക അടുത്ത വർഷം റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതാണ്.

## f) ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ലാസ് മുതൽ സൗകര്യം. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/ മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 100000/- രൂപ

## g) ശ്രീ. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ്

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിൻെറ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപ. 12,000/-ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 2000/- അധികമായി ഒററത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേക്ക് 1000/- രൂപ നൽകുന്നു.

## h) മോഡൽ റസിഡൻഷ്യൽ സ്കൂൾ

5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിനായി വകുപ്പിനു കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നു. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിൻെറ അടിസ്ഥാന

ത്തിൽ തെരഞ്ഞെടുക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതു സംബന്ധിച്ച അറിയിപ്പു നൽകും. ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രം എന്നിവ സഹിതം അപേക്ഷിക്കുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി രൂപ: 1,00,000/-

## i) പ്രീ മെട്രിക് ഹോസ്റ്റലുകൾ

ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിററി/ കോർപ്പറേഷൻ എന്നിവ യ്ക്ക് കൈമാറിയ 87 ഹോസ്റ്റലുകൾ, പട്ടിക അനുബന്ധമായി ചേർക്കുന്നു. രണ്ട് സെററ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കററ് മണി 130/- രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2000/- രൂപ വീതം ചെലവഴിക്കുന്നു. 5-ാം ക്ലാസ് മുതൽ അഡ്മിഷൻ.

തെരെഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ മെയ് മാസ ത്തിൽ അപേക്ഷ നൽകേണ്ടതാണ്.

## j) സബ്സിഡൈസ്ഡ് ഹോസ്റ്റൽ

സന്നദ്ധ സംഘടനകൾ നടത്തുന്ന 6 ഹോസ്ററലുകളിലെ അന്തേവാസികൾക്ക് 1000/- രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാൻറും 500/- രൂപ യൂണിഫോം അലവൻസും നൽകിവരുന്നു.

## k) ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായിക മേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരി ശീലനം നല്കുന്നതിനായി 5-ാം ക്ലാസ് മുതൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടു ക്കുന്നു. ഒരു ക്ലാസ്സിൽ 30 വിദ്യാർഥികൾക്ക് പ്രവേശനം. 12-ാം ക്ലാസു

വരെ സ്റ്റേറ്റ് സിലബസിൽ പഠനം. ഓരോ കുട്ടിക്കും പ്രതിദിനം 130/- രൂപ മെസ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു.

## 3. പോസ്ററ് മെട്രിക് വിദ്യാഭ്യാസം (10-ാംക്ലാസിനു ശേഷം)

### a) ലംപ്സംഗ്രാൻറും സ്ററെപ്പൻറും

പ്ലസ് വൺ മുതൽ പഠനം നടത്തുവർക്ക് പ്രതിമാസം 500/- രൂപ സ്റ്റൈപൻറ് നൽകുന്നു. 8 കി. മി കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് സ്റ്റൈപൻറ് 600 രൂപ ആണ്. ലംപ്സം ഗ്രാൻറ് നിരക്ക് ചുവടെ രേഖപ്പെടുത്തുന്നു.

| | |
|---|---|
| പ്ലസ് ടു, VHSE, | 1130/- രൂപ |
| ഡിഗ്രി, തത്തുല്യകോഴ്സുകൾ | 1190/-രൂപ |
| പി. ജി, തത്തുല്യകോഴ്സുകൾ | 1570/- രൂപ |
| പ്രൊഫഷണൽ കോഴ്സുകൾ | ( 440 മുതൽ 3130 രൂപ വരെ കോഴ്സ് അനുസരിച്ച്) |

**സ്റ്റൈപ്പൻറ് നിരക്ക്**

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് - 630/- രൂപ

8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് - 750/ രൂപ

നിലവിൽ ടി ആനുകൂല്യം സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി എമ്മുകൾ വഴി ഇ-ഗ്രാൻറ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺ ലൈൻ ആയി സ്ഥാപന മേധാവിക്കു സമർപ്പിക്കണം. തുടർന്ന് അവയുടെ ഒറിജിനൽ സ്ഥാപന മേധാവി ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കററുകൾ, എസ്.എസ്.എൽ. സി ബുക്കിൻെറ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപന മേധാവി ജില്ലാ ആഫീസർക്ക് നൽകേണ്ടത്.

### b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് 17 ഹോസ്ററലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2300/-

രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്മസ് [illegible] ളിൽ വീട്ടിൽ പോയി വരുന്നതിന് [illegible] മണിയായി 190/-രൂപ നൽകുന്നു. [illegible] വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി [illegible] സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത [illegible] ജ് ഹോസ്റ്റലുകൾ, [illegible] കോളേജുകളിലെ [illegible] സ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള [illegible] കൾക്കും ആനുകൂല്യം നൽകുന്നു.

**c) അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം**

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1,500/- രൂപ നൽകുന്നു.

**d) പ്രത്യേക പ്രോത്സാഹന സമ്മാനം**

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ

| കോഴ്സ് | ഫസ്റ്റ് ക്ലാസ്/ഗ്രേഡ് | ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ് |
|---|---|---|
| എസ്.എസ്.എൽ.സി | 1,500 | 2,500 |
| പ്ലസ് ടു, റ്റി.റ്റി.സി, ഡിപ്ലോമ | 2,500 | 5,000 |
| ഡിഗ്രി | 3,500 | 7,500 |
| പി.ജി മററ് പ്രൊഫഷണൽ കോഴ്സുകൾ | 5,000 | 10,000 |

ജാതി സർട്ടിഫിക്കററ്, മാർക്ക് ലിസ്ററുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം.

**e) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ**

മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു.

പ്ലസ്ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ലസ്ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

## f) ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്

1936 ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി/പി.ജി/എൽ.എൽ.ബി/മെഡിക്കൽ/എഞ്ചിനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ജാതി, വരുമാനം, മാർക്ക്ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകണം.

## g) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

എസ്. .എസ്. എൽ. സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം. വിദ്യാർത്ഥികൾക്ക് നിലവാരമുള്ള ഇഷ്ടമുള്ള സ്ഥാപനം തെരഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കററുകൾ മാർക്ക് ലിസ്ററിൻെറ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കുക.

## h) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം, നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺ ലൈനായി അക്ഷയകേന്ദ്രങ്ങൾ വഴി സമർപ്പിക്കുക, ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന

ഓഫീസർമാർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സായി ബാങ്ക് മുഖേന നൽകുന്നു.

### i) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ്

എഞ്ചിനീയറിംഗ്/ മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു.

നിരക്ക്

| | | |
|---|---|---|
| മെഡിക്കൽ | - | 10,000/- |
| എഞ്ചിനീയറിംഗ് | - | 5,000/- |

അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കററുകൾ സഹിതം അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ഓഫീസർമാർക്ക് നൽകണം. വരുമാന പരിധി 1,00,000/- രൂപ

### j) പ്രൈമറി എഡ്യൂക്കേഷൻ എയിഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണി ഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠനപ്രോത്സാഹന ത്തിനായി 2000/- രൂപ നൽകുന്നു.

### k) ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

### l) സ്റ്റെതസ്കോപ്പ് വിതരണം

1-ാം വർഷ എം.ബി.ബി.എസ് ,ബി.എ എം എസ്, ബി. എച്ച്. എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

**m) ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീല നോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം**

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന BA/BPA/MA/MPA കലാ വിഷയ കോഴ്സുകൾക്ക് (സംഗീത, നൃത്ത, വാദ്യ വിഷയങ്ങൾ) പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ മെയിൻ, സബ്സിഡിയറി വിഷയങ്ങൾക്ക് പരിശീലനത്തിനാവശ്യമായ ശ്രുതി ബോക്സ്, വയലിൻ, വീണ, കഥകളി ചെണ്ട, മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

**n) ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്**

ഇഗ്രാന്റ്സിന് അർഹതയില്ലാത്തതും, 2,50,000/- രൂപവരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

**o) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം**

സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി, വരുമാന സർട്ടിഫിക്കററ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കററുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം.

**p) വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം.**

യൂണിവേഴ്സിററികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

**q) സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം**

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും, സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/ റിസർവേഷൻ സീററിൽ പ്രവേശനം നേടിയിട്ടുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു.

ജോലി സംബന്ധമായി കേരളത്തിന് പുറത്ത് താല്ക്കാലികമായി താമസം ആക്കിയിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദി ക്കുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ സഹിതം സ്ഥാപന മേധാവി വഴി പട്ടികജാതി വികസന ഡയറക്ടർക്ക് നൽകണം.

### r) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശപഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണ മെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

### s) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി. ജി, കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടിക ജാതി/ മറ്റർഹ വിഭാ ഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാ പനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻറ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം, വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച സർട്ടിഫിക്കററുകൾ എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക

### t) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ. ടി. ഐ കൾ)

വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ.റ്റി.ഐകളിലായി എൻ.സി.വി.റ്റി/എസ്.സി.വി.റ്റി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇല ക്ട്രോണിക്സ് മെക്കാനിക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പെയിന്റർ (ജനറൽ), പ്ലംബർ, കാർപെന്റർ, സ്വീയിംഗ് ടെക്നോളജി, വെൽഡർ, സർവ്വേയർ, ഡ്രൈവർ കം മെക്കാ

നിക് എന്നി ട്രേഡുകളിൽ പരിശീലനം നൽകുന്നു. 41 ഐ.റ്റി.ഐ കളിലെ മിക്ക ട്രേഡുകൾക്കും എൻ.സി.വി.റ്റിയുടെ അംഗീകാരമുള്ള താണ്. പ്രസ്തുത ഐ.റ്റി.ഐകളിൽ നിന്ന് 80% ത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊവിഷണൽ ഉൾപ്പെടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി) ലഭിയ്ക്കുന്നു. എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 7 ഐ.റ്റി.ഐകളിൽ നിന്ന് വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.റ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം, യൂണിഫോം അലവൻസ്, ഒന്നാം വർഷം 820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംസംഗ്രാന്റും 630 രൂപ പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നു.

അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.ഐ.ടി.ഐകളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡിൽ പ്രവേശനം നേടുന്നതിന് 18 വയസ്സും മറ്റ് കോഴ്സുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനനതീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

## u) കമ്മ്യൂണിറ്റി കോളേജ് പാലക്കാട്

വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ 2012 ൽ ആരംഭിച്ച കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി/+2 എന്നിവ പാസ്സായവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകരിൽ നിന്ന് പ്രവേശന പരീക്ഷയിലൂടെയാണ് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കോഴ്സ് ദൈർഘ്യം രണ്ട് വർഷം (ഒരു വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗും ഒരു വർഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗും നൽകുന്നു). കോഴ്സിന്റെ ഭാഗമായി വ്യവസായ

പരിശീലനത്തിനുള്ള സൗകര്യം മൾട്ടിനാഷണൽ കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

### v) പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക ജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4 പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെൻററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ.

### w) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം

അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിൻെറ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനം. സംസ്ഥാന തലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്ന പട്ടികജാതി - പട്ടിക വർക്ഷകാർക്ക് സൗജന്യ താമസസൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു.

### x) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ

തിരുവനന്തപുരം, തൃശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ (പ്രിയദർശിനി ഇൻസ്ററിററ്യൂട്ട് ഓഫ് പാരാമെഡിക്കൽ സ്ററഡീസ്) പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനം, പയ്യന്നൂരിൽ ഡി. എം. എൽ. ററി കോഴ്സിനുള്ള സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നു.

### y) സെൻറർ ഓഫ് എക്സലൻസ്, കോഴിക്കോട്

പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കിർത്താഡ്സ് കാമ്പസിൽ സെന്റർ

ഫോർ റിസർച്ച് ആന്റ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്പോർമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പട്ടികവിഭാഗത്തിനെ പ്രാപ്തരാക്കുന്നതിന് ഇതിലൂടെ കഴിയുന്നു.

## z) മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക്ക്, പാലക്കാട്

പട്ടികജാതി വിഭാഗത്തിൽ നിന്ന് സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽആരംഭിച്ച സ്ഥാപനം. 30 കുട്ടികൾക്ക് പ്രവേശനം.

## aa) ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

## ab) പഠനയാത്ര പര്യടനപരിപാടി

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി, സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും തുക അനുവദിക്കുന്നു.

## ac) പാലക്കാട് മെഡിക്കൽ കോളേജ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിലുമായി 19 ചികിത്സായൂണിറ്റുകളുമുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് 2014-15 ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിനനുബന്ധിച്ച് പാരാമെഡിക്കൽകോഴ്സുകളും, ലബോറട്ടറികളും ആശുപത്രിയിലേയ്ക്ക് ആവശ്യമായ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപ്പാദക യൂണിറ്റുകളും ഗവേഷണ വികസന സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻ.സി.വി.ടിയുടെ അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐകളുടെ പേരും പരിശീലിപ്പിക്കുന്ന ട്രേഡുകളും

### ദക്ഷിണമേഖല, ട്രെയിനിംഗ് ഇൻസ്പെക്ടർ
### തിരുവനന്തപുരം,

തിരുവനന്തപുരം, ഫോൺ: 0471 –2316680,
ഇ -മെയിൽ :itsztvm@gmail.com

| ക്രമ നം. | ഐ.ടി.ഐ യുടെ പേര് | വിലാസം | ട്രേഡ് |
|---|---|---|---|
| തിരുവനന്തപുരം ജില്ല | | | |
| 1. | കാഞ്ഞിരംകുളം | പുല്ലുവിള പി.ഒ, നെയ്യാറ്റിൻകര 0471-2265365 | പ്ലംബർ |
| 2. | മരിയാപുരം | മരിയാപുരം പി.ഒ, നെയ്യാറ്റിൻകര 0471-2234230 | കാർപെന്റർമെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വെയർ |
| 3. | കടകംപള്ളി | മെഡിക്കൽ കോളേജ് പി.ഒ തിരുവനന്തപുരം 0471-2552963 | പ്ലംബർ |
| 4. | അഞ്ചാമട | കാഞ്ഞിരംപാറ പി.ഒ തിരുവനന്തപുരം 0471-2364924 | ഇലക്ട്രിഷ്യൻ ഇലക്ട്രോണിക് മെക്കാനിക് |
| 5. | ആറ്റിപ്ര | മൺവിള, കുളത്തൂർ പി.ഒ തിരുവനന്തപുരം, 0471-2590187 | സർവ്വെയർ |
| 6. | പേരുമല | നെടുമങ്ങാട് പി.ഒ തിരുവനന്തപുരം, 0472-2804772 | പ്ലംബർ |

| | | | |
|---|---|---|---|
| 7. | വർക്കല | മുട്ടപ്പാലം പി.ഒ,<br>വർക്കല<br>0470 - 2611155 | പ്ലംബർ |
| 8. | ഇടയ്ക്കോട് | കോരാണി, കുറക്കട പി.ഒ<br>ആറ്റിങ്ങൽ, 0470 - 2620233 | പെയിന്റർ (ജനറൽ) |
| 9. | ശിങ്കാരത്തോപ്പ് | മണക്കാട്, തിരുവനന്തപുരം<br>0471 - 2457539 | മെക്കാനിക് മോട്ടോർ വെഹിക്കിൾ |
| | | കൊല്ലം ജില്ല | |
| 10. | ഓച്ചിറ | ഓച്ചിറ പി.ഒ, കൊല്ലം<br>0476 - 2691222 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), പ്ലംബർ |
| 11. | കുളക്കട | കുളക്കട പി.ഒ, കൊല്ലം<br>0474 - 2617830 | ഇലക്ട്രീഷ്യൻ<br>ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) |
| 12. | വെട്ടിക്കവല | വെട്ടിക്കവല പി.ഒ,<br>കൊട്ടാരക്കര<br>0474 - 2404336 | കാർപെന്റർ |
| | | പത്തനംതിട്ട ജില്ല | |
| 13. | ഐക്കാട് | കൊടുമൺ പി.ഒ,<br>പത്തനംതിട്ട<br>0473 - 4280771 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)ഇലക്ട്രീഷ്യൻ |
| 14. | പന്തളം | മടിയൂർകോണം പി.ഒ<br>ചേരിയ്ക്കൽ, പത്തനംതിട്ട<br>0473 - 4252243 | പ്ലംബർ,<br>ഇലക്ട്രീഷ്യൻ<br>മെക്കാനിക് മോട്ടോർ വെഹിക്കിൾ |
| | | ആലപ്പുഴ ജില്ല | |
| 15. | മാവേലിക്കര | മാവേലിക്കര പി.ഒ,<br>ഉമ്പർനാട് ആലപ്പുഴ,<br>0479 - 2341485 | കാർപെന്റർ,<br>ഇലക്ട്രോണിക് മെക്കാനിക് |
| 16. | ഹരിപ്പാട് | ഹരിപ്പാട് പി.ഒ,<br>ആലപ്പുഴ 0479 - 2417703 | സർവ്വെയർ |

| | | | |
|---|---|---|---|
| | | കോട്ടയം ജില്ല | |
| 17 | നെടുംകാവുവയൽ | കനകപ്പാലം പി.ഒ, എരുമേലികോട്ടയം, 0482-8212844 | ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) |
| 18 | എസ്.പി.കോളനി | സചിവോത്തമപുരം പി.ഒ കോട്ടയം, 0481-2435272 | ഇലക്ട്രിഷ്യൻ |
| 19 | മാടപ്പള്ളി | മാടപ്പള്ളി പി.ഒ, കോട്ടയം 0481-2473190 | കാർപെന്റർ |
| 20 | മധുരവേലി | ആയാംകുടി പി.ഒ, കോട്ടയം 0482-9288676 | കാർപെന്റർ |
| | | എറണാകുളം ജില്ല | |
| 21 | ഇടപ്പള്ളി | പാലാരിവട്ടം പി.ഒ എറണാകുളം, 0484-2335377 | മെക്കാനിക് മോട്ടോർ വെഹിക്കിൾ, വെൽഡർ |

**ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ,**

**പട്ടികജാതി വികസന ആഫീസ്, സിവിൽ സ്റ്റേഷൻ,**

**കോഴിക്കോട്, ഫോൺ: 0495 – 2371451**

| | | | |
|---|---|---|---|
| | | തൃശ്ശൂർ ജില്ല | |
| ക്രമ നം. | ഐ.ടി.ഐ യുടെ പേര് | വിലാസം | ട്രേഡ് |
| 22. | മായന്നൂർ | വടക്കാഞ്ചേരി പി.ഒ, തൃശ്ശൂർ 0488-4285925 | സ്വീവിംഗ് ടെക്നോളജി |
| 23. | എങ്കക്കാട് | എങ്കക്കാട് പി.ഒ, തൃശ്ശൂർ 0488-4240802 | സർവ്വെയർ |

| | | | |
|---|---|---|---|
| 24. | പുല്ലൂറ്റ് | പുല്ലൂറ്റ് പി.ഒ, തൃശ്ശൂർ<br>0480 - 2805620 | കാർപെന്റർ |
| 25. | ഇടത്തുരുത്തി | ചുല്ലൂർ പി.ഒ, തൃശ്ശൂർ<br>0480 - 2870252 | ഇലക്ട്രീഷ്യൻ |
| 26. | നടത്തറ | നടത്തറ പി.ഒ, തൃശ്ശൂർ<br>0487 - 2370948 | കാർപെന്റർ, വെൽഡർ |
| 27. | വി.ആർ.പുരം | വി.ആർ.പുരം,<br>ചാലക്കുടി പി.ഒ തൃശ്ശൂർ,<br>0480 - 2700605 | ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ) പ്ലംബർ,<br>ഇലക്ട്രീഷ്യൻ |
| 28. | ഹെർബർട്ട് നഗർ | നെടുപുഴ പി.ഒ,<br>തൃശ്ശൂർ 0487 - 2448155 | ഇലക്ട്രോണിക്<br>മെക്കാനിക് |
| 29. | എരുമപ്പെട്ടി | എരുമപ്പെട്ടി.പി.ഒ,<br>വടക്കാഞ്ചേരി തൃശ്ശൂർ,<br>0488 - 5262777 | ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ)പ്ലംബർ |
| | | **പാലക്കാട് ജില്ല** | |
| 30. | പാലപ്പുറം | പാലപ്പുറം പി.ഒ,<br>ഒറ്റപ്പാലം<br>0466 - 2247124 | കാർപെന്റർ |
| 31. | മംഗലം | അഞ്ചുമൂർത്തി പി.ഒ,<br>പാലക്കാട് 0492 - 2258545 | ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ), പ്ലംബർ |
| 32. | ചിറ്റൂർ | ചിറ്റൂർ പി.ഒ, വെർക്കോളി<br>0492 - 3221695 | സർവ്വെയർ |
| | | **മലപ്പുറം ജില്ല** | |
| 33. | കേരളാധീശ്വര പുരം | കേരളാധീശ്വരപുരം പി.ഒ<br>തിരൂർ, മലപ്പുറം<br>0494 - 2581300 | പ്ലംബർ |

| | | | |
|---|---|---|---|
| 34. | പാതായ്ക്കര | പാതായ്ക്കര പി.ഒ<br>പെരിന്തൽമണ്ണ,<br>0493-3226068 | പ്ലംബർ |
| 35. | പൊന്നാനി | പൊന്നാനി പി.ഒ,<br>മലപ്പുറം 0494-2664170 | ഇലക്ട്രിഷ്യൻ |
| 36. | പാണ്ടിക്കാട് | പാണ്ടിക്കാട് പി.ഒ,<br>മലപ്പുറം 0483-2780895 | ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ) |
| | | **കോഴിക്കോട് ജില്ല** | |
| 37. | കുറവങ്ങാട് | പെരുവട്ടൂർ പി.ഒ,<br>കൊയിലാണ്ടി<br>0496-2621160 | സർവ്വെയർ, പ്ലംബർ |
| 38. | എലത്തൂർ | എലത്തൂർ പി.ഒ,<br>കോഴിക്കോട്<br>0495-2461898 | മെക്കാനിക് മോട്ടോർ<br>വെഹിക്കിൾ,<br>കാർപെന്റർ,<br>DCMവെൽഡർ |
| | | **കണ്ണൂർ ജില്ല** | |
| 39. | മാടായി | വെങ്ങര പി.ഒ,<br>കണ്ണൂർ 0497-2877300 | പെയിന്റർ, പ്ലംബർ<br>(ജനറൽ) |
| | | **കാസർഗോഡ് ജില്ല** | |
| 40. | ചെറുവത്തൂർ | ചെറുവത്തൂർ പി.ഒ<br>കാസർഗോഡ്,<br>0467-2261425 | പ്ലംബർ |
| 41. | നീലേശ്വരം | നീലേശ്വരം പി.ഒ,<br>കാസർഗോഡ്<br>0467-2284004 | ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ) |

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻ.സി.വി.ടി യുടെ അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ഐ.ടി.ഐകളുടെ പേരും പരിശീലിപ്പിക്കുന്ന ട്രേഡുകളും**

| | | | |
|---|---|---|---|
| 1. | ബേള | ബേള പി.ഒ, കാസർഗോഡ്<br>04998 - 284140 | വെൽഡർ |
| 2. | തൂണേരി | കോടഞ്ചേരി പി.ഒ,<br>പുരമേരി കോഴിക്കോട്,<br>പിൻ - 6713210496 - 2551301 | ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) |
| 3. | വരവൂർ | കുമരപ്പനാൽ, തൃശ്ശൂർ<br>04884 - 278218 | മെക്കാനിക മോട്ടേർ വെഹിക്കിൾ, ഡ്രൈവർ കം മെക്കാനിക് |
| 4. | എലത്തൂർ | എലത്തൂർ പി.ഒ,<br>കോഴിക്കോട്<br>0495 - 2461898 | വെൽഡർ |
| 5. | വി.ആർ.പുരം | വി.ആർ.പുരം,<br>ചാലക്കുടി.പി.ഒ<br>തൃശ്ശൂർ, 0480 - 2700605 | ഇലക്ട്രിഷ്യൻ |
| 6. | മരിയാപുരം | മരിയാപുരം പി.ഒ.<br>നെയ്യാറ്റിൻകര | മെക്കാ. മോട്ടോർ വെഹിക്കിൾ സർവ്വേയർ |
| 7. | പന്തളം | മടിയൂർകോണം,<br>ചേരിക്കൽ, പത്തനംതിട്ട | ഇലക്ട്രിഷ്യൻ, മോട്ടോർ വെഹിക്കിൾ |

| | |
|---|---|
| **ആറുമാസ മെട്രിക് ട്രേഡ്** | **ഡ്രൈവർ കം മെക്കാനിക്** |
| **ദ്വിവത്സര മെട്രിക് ട്രേഡ്** | **ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രിഷ്യൻ<br>ഇലക്ട്രോണിക്സ് മെക്കാനിക്<br>മെക്കാനിക് (മോട്ടോർ വെഹിക്കിൾ)** |
| **ഏകവത്സര മെട്രിക് ട്രേഡ്** | **സർവ്വെയർ, പ്ലംബർ** |
| **ഏകവത്സര നോൺ മെട്രിക് ട്രേഡ്** | **കാർപെന്റർ, സ്വീവിംഗ് ടെക്നോളജി, വെൽഡർ** |
| **ദ്വിവത്സര നോൺ മെട്രിക് ട്രേഡ്** | **പെയിന്റർ (ജനറൽ)** |

# സാമ്പത്തിക വികസന പദ്ധതികൾ

**1. സ്വയം തൊഴിൽ പദ്ധതി**

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാതുകയുടെ 1/3 സബ്സിഡി. പദ്ധതി ബാങ്കുകളുമായിച്ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽസംരംഭവുംതുടങ്ങാം .പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത- 7-ാം ക്ലാസ്സ്. വരുമാന പരിധി ബാധകമല്ല. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കററുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്. ജി. എസ്. വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീ സറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക.

**2. വക്കീലൻമാർക്ക് ധനസഹായം.**

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

**ഒന്നാം വർഷം**

| | | |
|---|---|---|
| 1. | എൻറോൾമെന്റ് ഫീസ് | - 1550/- |
| 2. | വസ്ത്രം വാങ്ങുന്നതിന് | - 2000/- |
| 3. | പുസ്തകം വാങ്ങുന്നതിന് | - 6250/- |

**രണ്ടും മൂന്നും വർഷങ്ങളിൽ**

| | | |
|---|---|---|
| 1. | വസ്ത്രം വാങ്ങുന്നതിന് | - 2000/- |
| 2. | പുസ്തകം വാങ്ങുന്നതിന് | - 6250/- |
| 3. | മുറി വാടക | - 3000/- (പ്രതിമാസം 250/-രൂപ നിരക്കിൽ) |

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതിസർട്ടിഫിക്കററ്, എൽ. എൽ. ബിയുടെ സർട്ടിഫിക്കററ്, ബാർ കൗൺസിൽ എൻറോൾമെൻറ് സാക്ഷ്യപത്രം, സീനിയർ അഭിഭാക്ഷകൻെറ സാക്ഷ്യപത്രം സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കുക.

### 3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറീസ്ഷിപ്പ്.-

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് അപ്രൻറീസ്ഷിപ്പ്. അപേക്ഷകർ അതാത് ജില്ലാ പട്ടിക ജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രതിമാസ നിരക്ക്

| | |
|---|---|
| **ഐ.ടി ഐ** | **– 2,000/-** |
| **ഡിപ്ലോമ** | **– 2,500/-** |
| **എഞ്ചിനീയറിംഗ് ഡിഗ്രി** | **– 3,000/-** |

### 4. ടൂൾ കിററ്

വകുപ്പിൻെറ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാൻറ് നൽകുന്നു.

### 5. പട്ടികജാതിക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000- രൂപ വരെയുള്ളത് പലിശയും പിഴ പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിന് 12.11.2009 ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2009 പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിരുന്നു.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടു ള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പയുടെ 50,000/- രൂപ വരെയു ള്ളത് എഴുതി തള്ളുന്നതിന് 10.12.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 99/2013/പജ.പവ.വിവ നമ്പർ ഉത്തരവിലൂടെ നടപ്പിലാക്കി യിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ്.സി /എസ്.ടി കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായ്പാ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ്, എന്നീ

പദ്ധതികളിലെ മുതലും പലിശയും എഴുതി തള്ളുന്നതിന് 16.10.2014 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 74/14/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010–ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ (പി) നം.24/ 2015/ പജ.പവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ മുഖ്യമന്ത്രി യുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർ റവന്യൂ വകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് കഴിഞ്ഞിട്ടുള്ളവർക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് 20.08.2016 ലെ സ.ഉ (പി) നം.118/2016/ധന.പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചട ച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുന: ക്രമീകരിച്ചിട്ടുണ്ട്.

### 6. സ്വയംപര്യാപ്ത ഗ്രാമങ്ങൾ

പട്ടികജാതി വികസന വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പി ന്റേയും സംയുക്താഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ, പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതിവിവര പഠന റിപ്പോർട്ടിൽ അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടും ബങ്ങൾ അധിവസിക്കുന്ന 436 ഗ്രാമങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത

ഈ ഗ്രാമങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ്.

ഓരോ സങ്കേതത്തിന്റേയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

## സാമൂഹ്യക്ഷേമ പരിപാടികൾ

### 1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കററ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസററഡ് ഓഫീസറുടെ സാക്ഷ്യ പത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ/പട്ടിക ജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 50,000 രൂപ.

### 2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെ ത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ഗ്രാൻറായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കററ്, വിവാഹ സർട്ടിഫിക്കററ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. രണ്ടു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി- 1,00,000/- രൂപ

### 3. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെൻറ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുനിസിപ്പൽ കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/, 4,50,000/–, 6,00,000/– രൂപ ഗ്രാൻറായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കററുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. വാർഷികവരുമാന പരിധി 50,000 രൂപയും അപേക്ഷകന്റെ പ്രായപരിധി 55 വയസ്സുമാണ്.

ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്ര പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

### 4. ഭവന നിർമ്മാണ ധനസഹായം

2014–15 സാമ്പത്തിക വർഷം മുതൽ 3,00,000/– രൂപ ഭവന നിർമ്മാണ ധനസഹായം ആയി നൽകുന്നു. 45,000/–, 90,000/–, 1,20,000–, 45,000/– എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക്വഴി വിതരണം ചെയ്യുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെൻറും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെൻറ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കററുകൾ,

വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രംതദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഭവനനിർമ്മാണ ഗ്രാൻറ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക. വരുമാന പരിധി 50,000 രൂപ.

### 5. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.

50,000 രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ, നായാടി, ചക്ലിയ/ അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. കുറഞ്ഞത് 5 സെൻറ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വയ്ക്കുന്ന തിനുമായി 7,25,000/- രൂപ ഗ്രാൻറായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55 വയസ്സിൽ കവിയരുത്.(ഭവനത്തിന് 3,50,000/-രൂപ, ഭൂമിക്ക് 3,75,000/- രൂപ)

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക.

### 6. ടോയ്‌ലററ് നിർമ്മാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലററ് നിർമ്മിക്കുന്നതിന് 25,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. തുക രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. വരുമാന പരിധി 50,000 രൂപ.

### 7. പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചദുരിതാശ്വാസ നിധി.

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പെട്ടവരുമായ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ

നിന്ന് 50,000/- രൂപ വരെ ചികിത്സാധനസഹായകമായി അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി 1,00,000/-രൂപ വരെ നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ, ജാതി, വരുമാനം, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫാറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ മാർക്കോ, വകുപ്പ് മന്ത്രിക്കോ നൽകാവുന്നതാണ്.

**8. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത.**

പി.എസ്.സി, യു.പി.എസ്.സി വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇൻറർവ്യുവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി ഹാജർ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട ഗ്രാമ/പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകുക. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

**9. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു. ടി ആചരണക്കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ,വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

**10. ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായപദ്ധതി**

ഭവനനിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ

(5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസി ക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന് പുതി യതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/ – രൂപ അനുവദിക്കുന്നു. വരുമാന പരിധി 50,000/- രൂപ .ജാതി, വരുമാന സർട്ടിഫിക്കററുകൾ, വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫി ക്കറ്റ് മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട SCDO യ്ക്ക് നൽകണം.

### 11. വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷ കൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായക മാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോ ടുകൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടിക ജാതിസങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടുസഹിതം ഈ പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

### ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേ തങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപി ച്ചിട്ടുണ്ട്. രണ്ടരകിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാലനകേന്ദ്ര ങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേക്ക് തെരഞ്ഞെടു, ത്തിട്ടുള്ളത്

### 13. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപു ണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേ ശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെല വുകൾക്കുമായി 50,000/- രൂപ വരെ ധനസഹായം നൽകുന്നു.

ഇൻഡ്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ട താണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുമാനമുള്ള 20 നും 45നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

## 1. ഉല്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉല്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാകും.

## 2. സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

## 3. ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ്

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, ദൃശ്യ മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്.

## 4. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/ രൂപ വരെ ധനസഹായം

അനുവദിക്കുന്നു. മൗലികമായ രചനകളുടെ 2 കയ്യെഴുത്ത് പ്രതികൾ ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യ പത്രങ്ങൾ സഹിതം അപേക്ഷ ചീഫ് പബ്ലിസിററി ഓഫീസർ അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി. ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കുക.

## 5. പടവുകൾ മാസിക

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗ ക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതി നുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പ് പുറത്തി റക്കുന്നു. കോപ്പികൾ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ചീഫ് പബ്ലിസിററി ഓഫീസിൽ നിന്നും ലഭ്യമാണ്.

## 6. സാഹിത്യ ശില്പശാല

പട്ടികജാതി- പട്ടികവർഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരന്മാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനാ യി വർഷം തോറും സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. ഭാഷ യുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സാംസ്കാ രിക ശാക്തീകരണം ഉറപ്പാക്കലുമാണ് ശില്പശാലയുടെ ഉദ്ദേശം. 18 മുതൽ 35 വയസുവരെ പ്രായമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗ ക്കാർക്കാണ് പ്രവേശനം ആകെ 50 പേർക്ക് ശില്പശാലയിൽ പങ്കെടു ക്കാം. സൗജന്യ താമസം, ഭക്ഷണം യാത്രാ ബത്ത എന്നിവ നൽകുന്നു.

## 7. അംബേദ്ക്കർ ജയന്തി /അയ്യങ്കാളി ജയന്തി

ഭരണഘടനാശില്പി ഡോ.അംബേദ്ക്കറുടെ ജന്മദിനം ഏപ്രിൽ 14-ാം തീയതിയും കേരള അധഃസ്ഥിത വർഗ്ഗത്തിൻെറ വിമോചന പോരാളി ശ്രീ. അയ്യങ്കാളിയുടെ ജന്മദിനം ആഗസ്റ്റ് 28-ാം തീയതിയും വിവിധ പരിപാടികളോടെ വകുപ്പ് ആചരിക്കുന്നു.

## 8. അംബേദ്കർ ഭവൻ

ഇൻഡ്യൻ ഭരണഘടനയുടെ ശിൽപിയായ ഡോ. ബി.ആർ. അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠനഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിതമായി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പ്രീ-എക്സാമി നേഷൻ ട്രെയിനിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളുംനിർമ്മിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർ ഭവൻ വകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന് വഴികാട്ടിയാകുന്ന നിലയിൽ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ICETS, അംബേദ്കർ ഭവനോട് അനുബന്ധ മായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരിൽ നിന്നും യുവസംരംഭകരെ കണ്ടെ ത്തുന്നതിനായി **start up dreams** പ്രോജക്ട് ഇവിടെ പ്രവർത്തനം ആരംഭിച്ചു.

## 9. അയ്യൻകാളി ഭവൻ

അധ:സ്ഥിത ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തി ച്ച സാമൂഹികപരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയ ത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സ്ഥാപ നം. പട്ടികജാതി വികസന വകുപ്പിന്റെ ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസ്, ദക്ഷിണമേഖല ഡെപ്യൂട്ടി ഡയ റക്ടറുടെ ഓഫീസ്, ചീഫ് പബ്ലിസിറ്റി ഓഫീസ്, ദക്ഷിണമേഖല ട്രെയി നിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് എന്നിവ ഈ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, പട്ടികജാതി-പട്ടിക വർഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് എന്നിവ പ്രവർത്തിക്കുന്നത് അയ്യങ്കാളി ഭവനിലാണ്.

# നിയമാധിഷ്ഠിത സേവനങ്ങൾ

## 1. 1995 ലെ പൗരാവകാശ സംരക്ഷണ നിയമം

പട്ടിക ജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചരണങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും പൗരവകാശ സംരക്ഷണ നിയമപ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിൻെറ ഭാഗമായി നൽകുന്നു. മിശ്ര വിവാഹിതർക്ക് ധനസഹായം നല്കുന്ന പദ്ധതി ടി നിയമത്തിൻെറ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.

## 2. 1989 ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന "Abolition of untouchability" (തൊട്ടുകൂടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെന്റ് 11-09-1989-ൽ പാസ്സാക്കി 10-01-1990 മുതൽ നിലവിൽവന്ന നിയമമാണ് പട്ടികജാതി/പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന "Untouchability" is abolished and its practice in any form is forbidden. The enforcement of any disability arising out of "Untouchability" shall be an offence punishable in accordance with law. അതായത് തൊട്ടുകൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. തൊട്ടുകൂടായ്മയിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ച് ഏൽപ്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതാണ്.

ഇന്ത്യയിൽ ജമ്മുകാശ്മീർ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഈ നിയമം ബാധകമാണ്. നിയമത്തിന്റെ chapter II ആർട്ടിക്കിൾ 3-ൽ കുറ്റകരമായ അതിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകളാണ്.

1. ഇന്ത്യൻ പീനൽ കോഡ്, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് എന്നിവയിൽ പറയാത്തതും എന്നാൽ പട്ടികജാതി/ പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു.
2. അതിക്രമങ്ങൾ ഓരോന്നും തരം തിരിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു.
3. ഓരോ അതിക്രമത്തിനും നൽകേണ്ട കർശന ശിക്ഷകൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിരിക്കുന്നു.
4. നിയമം പരിരക്ഷിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ അവരും ശിക്ഷാർഹരായിരിക്കും.
5. വിചാരണ വേഗത്തിൽ പൂർത്തിയാക്കി കാലവിളംബം കൂടാതെ നിയമനടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് പ്രത്യേക കോടതികൾ രൂപീകരിക്കും.
6. എല്ലാ പ്രത്യേക കോടതികളിലും പ്രത്യേക പബ്ളിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുവാൻ നിയമം അനുശാസിക്കുന്നു.
7. പ്രതികളുടെ മുൻകൂർ ജാമ്യം തടയുന്നു.
8. അതിക്രമത്തിനിരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പാക്കുന്നു.
9. ഗുരുതരമായ അതിക്രമത്തിന് ഇരയാകുന്നവർക്കോ, അവരുടെ ആശ്രിതർക്കോ സർക്കാരിലോ, സർക്കാരിന്റെ കീഴിയുള്ള സ്ഥാപനത്തിലോ ജോലി ഉറപ്പാക്കുന്നു.
10. നിയമത്തിന്റെ പരിരക്ഷയ്ക്കും നടത്തിപ്പിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സംവിധാനം.

മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഈ നിയമനടത്തിപ്പിനെ വിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയായവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ചചെയ്യുന്നതോടൊപ്പംതന്നെ കേസ് നടത്തിപ്പിന്റെ പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു. അതോടൊപ്പം തന്നെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭിച്ചി

ട്ടുള്ള റിപ്പോർട്ടുകളും അവയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളും പരിശോധിച്ച് ആവശ്യമായ തുടർനടപടികൾക്കുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്നു

ഈ കമ്മിറ്റിയിൽ പട്ടികജാതി/പട്ടികവർഗ്ഗം, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പു മന്ത്രിമാർ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എം.പി.മാർ, എം.എൽ.എ മാർ, സംസ്ഥാന ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ് സെക്രട്ടറി ഡി.ജി.പി, ദേശീയ പട്ടികജാതി/പട്ടികവർഗ കമ്മീഷന്റെ ഡയറക്ടറോ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറോ എന്നിവർ അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സെക്രട്ടറി കൺവീനറുമാണ്.

ജില്ലാ മജിസ്ട്രേട്ടുമാർ (ജില്ലാ കളക്ടർമാർ) അദ്ധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണം. അതാതു ജില്ലകളിലെ ഈ നിയമവുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പാണ് അവിടെ പരിശോധിക്കപ്പെടുന്നത്. ജില്ലാ മജിസ്ട്രേട്ടുമാർ രൂപികരിക്കുന്ന ഈ കമ്മിറ്റിയിൽ അതാതു ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എം.പിമാരും എം.എൽ.എ.മാരും കൂടാതെ പോലീസ് സൂപ്രണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മൂന്ന് സീനിയർ ഗസറ്റഡ് ഓഫീസർമാർ, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ നിന്നും 5-ൽ കൂടാത്ത അംഗങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളിൽ നിന്ന് 3-ൽ കൂടാത്ത അംഗങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. ജില്ലാ പട്ടികജാതി വികസന ഓഫീസറായിരിക്കും ഈ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

ഈ നിയമത്തിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് ഓരോ സംസ്ഥാനവും വാർഷിക റിപ്പോർട്ട് ജൂലൈ ഒന്നിനുമുൻപായിത്തന്നെ കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിലെ ഈ **Ministry of Social Justice & Empowerment** ഈ റിപ്പോർട്ടുകൾ സമാഹരിച്ച് പാർലമെന്റിന്റെ ഇരു സഭകളുടെയും മേശപ്പുറത്ത് വയ്ക്കുകയും ചെയ്യുന്നുണ്ട്.

അതിക്രമത്തിന് ഇരയാകുന്നവർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് ഓരോന്നിനും ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യം എത്രയാണെന്നു

അത് ഏത് ഘട്ടത്തിലാണ് നൽകേണ്ടതെന്നും വ്യക്തമായി ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. നേരത്തേ 90,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 1,00,000/- രൂപയായും 75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 85,000/- രൂപയായും, 1,80,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 2,00,000/- രൂപയായും, 3,75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 4,25,000/- രൂപയായും, 7,50,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 8,25,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 14-04-2016 മുതൽ പ്രാബല്യത്തിൽ വരുത്തി കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

അന്വേഷണത്തിനോ, ഹിയറിംഗിനോ, വിചാരണയ്ക്കോ ആയി താമസസ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് യാത്ര ചെയ്യേണ്ടി വരുമ്പോൾ അതിക്രമത്തിന് ഇരയാകുന്നവർക്കും ആശ്രിതർക്കും സാക്ഷികൾക്കും അനുവദനീയമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇത് എങ്ങിനെയൊക്കെയാണ് ലഭിക്കുന്നത് എന്നതിനെ സംബന്ധിച്ച് ചട്ടം 11-ൽ വ്യക്തമായി പറയുന്നു.

ഈ നിയമപ്രകാരം എടുക്കുന്ന കേസുകളിൽ അന്വേഷണം നടത്തേണ്ടത് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിൽ കുറയാത്ത റാങ്കുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണം. ടി ഉദ്യോഗസ്ഥൻ ഇത്തരം കേസുകൾക്ക് മുന്തിയ പരിഗണന നൽകി 30 ദിവസങ്ങൾക്കുള്ളിൽ അതേ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് പോലീസ് സൂപ്രണ്ടിന് സമർപ്പിച്ചിരിക്കണം. സൂപ്രണ്ട് ടി റിപ്പോർട്ട് താമസം വിനാ സംസ്ഥാന പോലീസ് മേധാവിക്ക് (ഡി.ജി.പി) അയച്ചുകൊടുക്കേണ്ടതുണ്ട്.

കേരളത്തിൽ എല്ലാ ജില്ലാ സെഷൻസ് കോടതികളും ഈ കേസുകൾക്കുള്ള പ്രത്യേക കോടതികളായി പരിഗണിക്കപ്പെടുന്നതിനു പുറമെ കൽപ്പറ്റയിലും മഞ്ചേരിയിലും കൊട്ടാരക്കരയിലും പ്രത്യേക കോടതികൾ തുടങ്ങാൻ സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതുകൂടാതെ മറ്റുചില ജില്ലകളിലും പുതുതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 3 എസ്.എം.എസ്. യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. പോലീസ് ആസ്ഥാനത്ത് ഐ.ജി.മാർ, എസ്.പി.മാർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ഇത്തരം കേസുകളുടെ നടത്തിപ്പിലെ പുരോഗതി ഡി.ജി.പിയും അവലോകനം നടത്തുന്നു.

ഇതിനെല്ലാം പുറമേ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറിയെ നോഡൽ ഓഫീസറായി നോമിനേറ്റ് ചെയ്തുകൊണ്ട് ജില്ലാ മജിസ്ട്രേട്ടുമാരുടെയും പോലീസ് സൂപ്രണ്ട്മാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഈ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഓരോ ത്രൈമാസ അവസാനത്തിലും നോഡൽ ഓഫീസർമാർ നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച റിപ്പോർട്ടുകളും ഈ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളും പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലെ നിയമപാലന സംവിധാനങ്ങളും അതിക്രമത്തിന് ഇരയായവർക്കും ആശ്രിതർക്കും നൽകിയിട്ടുള്ള ആശ്വാസ നടപടികളും അടിയന്തിരമായി നൽകേണ്ട അടിസ്ഥാന ആവശ്യങ്ങളും മറ്റും പരിശോധിക്കുന്നതോടൊപ്പം തന്നെ പട്ടികജാതി/ പട്ടികവർഗ്ഗ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടെയും പ്രൊട്ടക്ഷൻ സെല്ലിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ നിർദ്ദേശിക്കുന്നു.

## നിയമം അനുസരിച്ച് കുററകരമാകുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(i) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെകൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുന്നത്.

(ii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഏതെങ്കിലും അംഗത്തിന് ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടു കൂടി വിസർജ്ജന വസ്തുക്കളോ പാഴ് വസ്തുക്കളോ, ജന്തുക്കളുടെ ശവശരീരങ്ങളോ മററ് ഏതെങ്കിലും നിന്ദ്യമായ സാധനമോ അയാളുടെ പരിസരങ്ങളിലോ അയൽപക്കത്തോ കൂട്ടിയിടുക വഴി പ്രവർത്തിക്കുന്നത്.

(iii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന്റെ ശരീരത്തിൽ നിന്ന് ബലാൽക്കാരമായി വസ്ത്രങ്ങൾ മാററുക

യോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായം തേച്ചോ നടത്തുന്നതോ, അല്ലെങ്കിൽ മനുഷ്യൻെറ അന്തസ്സിന് ന്യൂനത യുണ്ടാക്കുന്ന അതേപോലെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യു കയോ ചെയ്യുന്നത്

(iv) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ഉടമ സ്ഥാവകാശം ഉള്ളതോ അലോട്ടുമെൻെറ് ചെയ്തിട്ടുള്ളതോ അ ല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥനാൽ അലോട്ടു ചെയ്യുന്നതിനു വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുക യോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാററം ചെയ്ത് എടുക്കുകയോ ചെയ്യുന്നത്.

(v) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിൻെറ ഭൂമിയേയോ പരിസര പ്രദേശത്തേയോ അയാളുടെ കൈവശത്തു നിന്നും അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കി ലും ഭൂമിയിന്മേലോ, പരിസരപ്രദേശത്തിന്മേലോ വെള്ളത്തി ന്മേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുകയോ ചെയ്യുന്നത്.

(vi) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ പൊ തു ആവശ്യത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏ തെങ്കിലും നിർബന്ധിത സേവനം ഒഴികെ, ബിഗാർ അല്ലെങ്കിൽ അതേ രൂപത്തിലുള്ള മററു നിർബന്ധിത തൊഴിലോ, അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നത്.

(vii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്ത വിധത്തിൽ വോട്ട് ചെയ്യുന്നതിനോ നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

(viii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിനെ തിരായി വ്യാജമായതോ, ദുരുദ്ദേശപരമായതോ, ശല്യപ്പെടു ത്തുന്നതോ ആയ വ്യവഹാരമോ ക്രമിനിൽ നടപടികളോ മററു നിയമനടപടികളോ ആരംഭിക്കുന്നത്.

(ix) ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും പബ്ളിക്ക് സർവൻറിന് നൽകുകയും അതുവഴി അങ്ങനെയുള്ള പബ്ളിക് സർവൻറിൻെറ നിയമാനുസൃതമായ അധികാരം പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ക്ഷതിയോ അലട്ടോ ഉണ്ടാക്കത്തക്കവിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത്.

(x) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ പൊതുജന ദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്ത് വച്ച് അവഹേളിക്കണമെന്ന ഉദ്ദേശത്തോടു കൂടി ഉദ്ദേശപൂർവ്വം അപമാനിക്കുകയോ ഭയപ്പെടുത്തു കയോ ചെയ്യുന്നത്.

(xi) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലോ പെടുന്ന ഏതെങ്കിലും സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടു കൂടി അവളുടെ നേരെ കയ്യേററം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്നത്.

(xii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്തായിരിക്കുകയും അങ്ങനെ അല്ലായിരുന്നെങ്കിൽ അവൾ സമ്മതിക്കില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുകയും ചെയ്യുന്നത്.

(xiii) പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ അംഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും നീരുറവയിലേയോ ജലസംഭരണിയിലേയോ അല്ലെങ്കിൽ മറേറതെങ്കിലും സ്രോതസ്സിലേയോ ജലം, അത് സാധാരണയായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നത്.

(xiv) പട്ടിക ജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ഒരു പൊതുസങ്കേത സ്ഥലത്തേക്ക് കടക്കുവാൻ കീഴ്നടപ്പു പ്രകാരമുള്ള അവകാശം നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗത്തെ പൊതുജനങ്ങളിലെ മററ് അംഗങ്ങൾക്കോ അതിൻെറ ഏതെങ്കിലും സ്വഭാവത്തിനോ ഉപയോഗിക്കുവാനോ പ്രവേശിക്കുവാനോ പൊതു സങ്കേത സ്ഥലം ഉപയോഗിക്കുന്നതിൽ

നിന്നോ അവിടേക്കു പ്രവേശിക്കുന്നതിൽ നിന്നോ അയാളെ തടയത്തക്ക വിധം ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നത്.

(xv) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മററു വാസസ്ഥലമോ വിട്ടുപോകുന്നതിന് നിർബന്ധിക്കുകയോ ഇടയാക്കുകയോ ചെയ്യുന്നത്. അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ധനസഹായം അനുവദിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടുള്ള തഹസിൽദാരുടെ സർട്ടിഫിക്കററും പോലീസിന്റെ ക്രൈം റിപ്പോർട്ടും ഹാജരാക്കണം.

## അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ ഭാരത സർക്കാരിന്റെ (14 – 04 – 2016 ലെ അസാധാരണ ഗസററ് വിജ്ഞാപനം

## ജി എസ് ആർ 424 (ഇ) പ്രകാരം പരിഷ്കരിച്ചത്

| ക്രമ. നം | കുററകൃത്യത്തിന്റെ പേര് | നഷ്ടപരിഹാരമായി ലഭിക്കുന്ന തുക |
|---|---|---|
| | ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീററിക്കുകയോ കുടിപ്പിക്കുകയോ ചെയ്യുന്നത് [(വകുപ്പ് 3 (i) (i) ]<br><br>ഹാനിയോ അപമാനമോ ഉപദ്രവമോ ഉണ്ടാക്കുക [(വകുപ്പ് 3 (i) (ii) ]<br><br>അന്തസ്സിന് ന്യൂനത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ [(വകുപ്പ് 3 (i) (iii) ] | കുററകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 1,00,000 രൂപയോ അതിൽ കൂടുതലോ ഇതുകൂടാതെ കുററകൃത്യത്തിനിരയായ വ്യക്തിക്ക് നേരിട്ട അപമാനം, പരിക്ക്, മാനഹാനി എന്നിവയ്ക്ക് ആനുപാതികമായ തുക താഴെ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതാണ്<br>(i) F.I.R സമർപ്പിക്കുമ്പോൾ 10%<br>(ii) ചാർജ് ഷീററ് കോടതിയിൽ സമർപ്പിക്കുമ്പോൾ 50%<br>(iii) പ്രതിയ്ക്കെതിരെ കീഴ്ക്കോടതി കുററസ്ഥാപനം നടത്തുമ്പോൾ ബാക്കി 40% |
| | ഭൂമിഅനധികൃതമായി കൈവശപ്പെടുത്തുകയോ ഭൂമിയിൽ കൃഷി നടത്തുകയോ ചെയ്യുന്നത് [വകുപ്പ് 3 (i) (iv))]<br><br>5 ഭൂമിയേയോ വസ്തുവകകളേയോ ജലത്തേയോ സംബന്ധിച്ചുള്ള കുററങ്ങൾ [(വകുപ്പ് 3 (i) (v)] | കുററകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000 രൂപയോ അതിൽ കൂടുതലോ അങ്ങനെയുള്ള ഭൂമിയോ വസ്തുവകകളോ ജലസേചന സൗകര്യമോ ആവശ്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ ചെലവിൽ തന്നെ പുനഃസ്ഥാപിച്ച് നൽകേണ്ടതും കോടതിയിൽ കുററപത്രം സമർപ്പിക്കുന്ന സമയത്ത് മുഴുവൻ നഷ്ടപരിഹാര തുകയും നൽകേണ്ടതുമാണ്. |

3. സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിക്രമങ്ങൾ തടയുന്നതിനും പട്ടികജാതിയിലേയോ പട്ടികവർഗത്തിലേയോ അംഗങ്ങൾക്കിടയിൽ സുരക്ഷിത ബോധം പുനഃസ്ഥാപിക്കുന്നതിനും ഉള്ള സമുചിത നടപടി നിർദ്ദേശിച്ചു കൊണ്ട് ഒന്നോ അതിൽ കൂടുതലോ പദ്ധതികൾ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട രീതി നിർദ്ദേശിച്ചു കൊണ്ടുള്ളത് തയ്യാറാക്കാവുന്നതാണ്.

വകുപ്പ് - (18 ) നിയമത്തിൽ കീഴിലുള്ള ഒരു കുററം ചെയ്യുന്ന ആളുകൾക്ക് ക്രമിനൽ നടപടി നിയമത്തിലെ 438 - ാം വകുപ്പ് ബാധകമാകുന്നതല്ലെന്ന് നിയമത്തിലെ 438 - ാം വകുപ്പിലുള്ള യാതൊന്നും, ഈ നിയമത്തിൽ കീഴിലുള്ള ഒരു കുററം ചെയ്തതായുള്ള ആരോപണത്തിന്മേൽ ഏതെങ്കിലും ആളുടെ അറസ്റ്റ് ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസ്സിലെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നതല്ല.

വകുപ്പ് - 19 നിയമത്തിൽ കീഴിലുള്ള ഒരു കുററത്തിന് അപരാധിയായുള്ള ആളുകൾക്ക് ക്രമിനിൽ നടപടി നിയമത്തിലെ 360 - ാം വകുപ്പോ കുററക്കാരുടെ പ്രൊബേഷൻ നിയമത്തിലെ വ്യവസ്ഥകളോ ബാധകമാകുന്നതല്ലെന്ന് ഈ നിയമത്തിൻ കീഴിലുള്ള ഒരു കുററം ചെയ്തതിന് അപരാധിയാണെന്ന് കാണപ്പെട്ട പതിനെട്ടു വയസ്സിന് മുകളിൽ പ്രായമുള്ള യാതൊരാളിനും ക്രമിനിൽ നടപടി നിയമത്തിലെ 360 - ാം വകുപ്പിലുള്ള വ്യവസ്ഥകളും 1958 - ലെ 20 വ്യവസ്ഥകളും ബാധകമാകുന്നതല്ല.

| ക്രമ. നം. | കുററകൃത്യത്തിൻെറ പേര് | നഷ്ടപരിഹാരമായി ലഭിക്കുന്ന തുക |
|---|---|---|
| 6 | ബീഗാർ അല്ലെങ്കിൽ അടിമപ്പണി അല്ലെങ്കിൽ നിർബന്ധിത തൊഴിൽ എന്നിവ ചെയ്യിപ്പിക്കുന്നത് [(വകുപ്പ് 3 (i) (vi) ] | കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000/- രൂപ ഇതിൽ 25% പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലും 50% ചാർജ് ഷീററ് കോടതിയിൽ സമർപ്പിക്കുമ്പോഴും ബാക്കി 25% കീഴ്കോടതി പ്രതിക്കെതിരെ കുററസ്ഥാപനം നടത്തുമ്പോഴും |
| 7. | വോട്ടവകാശം വിനിയോഗിക്കുന്നത് സംബന്ധിച്ച് [(വകുപ്പ് 3 (i) (vii) | കുററകൃത്യത്തിൻെറ സ്വഭാവവും തീവ്രതയും അനുസരിച്ച് കുററകൃത്യനിരയായ ഓരോ വ്യക്തിക്കും 85,000 രൂപ, 25% F.I.R, 50% ചാർജ് ഷീററ്, 25% കുറ്റസ്ഥാപനം |
| 8 | വ്യാജമോ ദുരുദ്ദേശപരമോ ശല്യപ്പെടുത്തു ന്നതോ ആയ വ്യവഹാരം[(വകുപ്പ് 3 (i) (viii) ] | 85,000 രൂപ അല്ലെങ്കിൽ നിയമ നടപടിക്ക് ചെലവായ തുകയും നഷ്ട പരിഹാരവും അല്ലെങ്കിൽ ഇവയിലേതാണ് കുറവ് അത് 25% F.I.R, 50% ചാർജ് ഷീററ്, 25% കുറ്റസ്ഥാപനം |
| 9 | വ്യാജമോ നിസ്സാരമോ ആയ വിവരം [(വകുപ്പ് 3 (i) (ix) ] | |

| | | |
|---|---|---|
| 10 | അപമാനിക്കുകയോ പ്രകോപിപ്പിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത് [(വകുപ്പ് 3 (i) (x) ] | കുററകൃത്യത്തിൻെറ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 1,00,000 രൂപ വരെ. ചാർജ്ജ് ഷീററ് കോടതിയിൽ സമർപ്പിക്കുമ്പോൾ തുകയുടെ 25% 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം |
| 11 | ഒരു സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യുന്നത് [(വകുപ്പ് 3 (i) (xi) ] | കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 2,00,000 രൂപ. ഈ തുകയിൽ 25% വൈദ്യപരിശോധയ്ക്ക് ശേഷവും ബാക്കി 50% ചാർജ്ജ് ഷീറ്റ് 25% വിചാരണ തീർന്ന ശേഷവും നൽകേണ്ടതാണ്. |
| 12 | സ്ത്രീയെ ലൈംഗിക ചൂഷണം നടത്തുന്നത് [(വകുപ്പ് 3 (i) (xii) ] | 3,75,000 രൂപ വരെ പിഴ അല്ലെങ്കിൽ അങ്ങനെയുള്ള ഉറവ വ്യത്തിയാക്കുന്നതിനും സാധാരണ സ്ഥിതി പുനഃസ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് ജില്ലാ ഭരണ കൂടത്തിന് യുക്തമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ തുക നൽകാവുന്നതാണ്. |
| 13 | ജലസ്രോതസ്സിനെ ദുഷിപ്പിക്കുന്നത് [(വകുപ്പ് 3 (i) (xiii) ] | |
| 14 | കീഴ് നടപ്പ് പ്രകാരം വഴി നടക്കാനുള്ള അവകാശം നിഷേധിക്കുന്നത് [(വകുപ്പ് 3 (i) (xiv) ] | വഴി നടക്കാനുള്ള അവകാശം പുനഃസ്ഥാപിക്കു ന്നതിനുള്ള ചെലവും നഷ്ടപരിഹാരത്തുകയും ഉൾപ്പെടെ 4,25,000 രൂപ വരെ പിഴ. 25% F.I.R കുററപത്രം സമർപ്പിക്കുമ്പോൾ തുകയുടെ 50%, 25% പ്രതിയെ കീഴ്ക്കോടതി ശിക്ഷിക്കുമ്പോൾ |
| 15 | വീട് വിട്ട് പോകുന്നതിന് ഇടയാക്കുക [(വകുപ്പ് 3 (i) (xv) ] | അങ്ങനെയുള്ള സ്ഥലത്തിനും താമസത്തിനുമുള്ള അവകാശം പുനഃസ്ഥാപിച്ച് നൽകുന്നതിലേയ്ക്കും 1,00,000 രൂപ നഷ്ടപരിഹാരവും വീട് നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സർക്കാർ ചെലവിൽ പുനർ നിർമ്മാണം. 25% F.I.R,50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം |

| | | |
|---|---|---|
| 16 | വ്യജമായ തെളിവ് നൽകുന്നത് [(വകുപ്പ് 3 (2) (i) & (ii) ] | കുററകൃത്യത്തിനിരയായ വ്യക്തിക്ക് കുറഞ്ഞത് 4,00,000/- രൂപ നഷ്ടപരിഹാരം അല്ലെങ്കിൽ നേരിട്ട നാശ നഷ്ടത്തിനോ ഹാനിക്കോ മുഴുവൻ നഷ്ടപരിഹാരം. 25% F.I.R,50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം |
| 17 | **ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം 10 വർഷമോ അതിലധികമോ തടവു ശിക്ഷ ലഭിക്കുന്ന കുററകൃത്യങ്ങൾ ചെയ്യുന്നത് [(വകുപ്പ് 3 (2) (v) ]** | കുററകൃത്യത്തിൻെറ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറഞ്ഞത് 4,00,000/- രൂപയെങ്കിലും നഷ്ടപരിഹാരം. ഈ പട്ടികയിൽ മററുവിധത്തിൽ പറഞ്ഞിട്ടുള്ള പക്ഷം മേൽ തുകയിൽ മാററം വരുന്നതാണ്.25% F.I.R,50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം |
| 18 | ഒരു പബ്ലിക് സർവ്വീസിനാൽ അധാർമ്മി കമായി പീഡിപ്പിക്കപ്പെടുന്നത് [(വകുപ്പ് 3 (2)vii] | സംഭവിച്ച നാശനഷ്ടത്തിനോ പരിക്കിനോ ഉള്ള മുഴുവൻ നഷ്ട പരിഹാരം 2,00,000/- |
| 19 | പരാധീനത<br>പരാധീനത എന്നതിന്റെ നിർവചനം Personal disabilities (equal opportunities, protection of rights and full participation) Act 1995, വകുപ്പ് 2 പ്രകാരമുള്ളതും ഭാരത സർക്കാരിന്റെ സാമൂഹ്യനീതിയും ശാക്തീ കരണവും പുറത്തിറക്കിയിട്ടുള്ള 01.06.2001-ലെ വിജ്ഞാപനം 154-ാം നമ്പരിൽ മാർക്ഷനിർദ്ദേശങ്ങളിൽ പ്രകാരം വിലയിരുത്താവുന്നതാകുന്നു. ടി വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ഷെഡ്യൂളിലെ അനക്സർ 2-ൽ പരാ മർശിക്കുന്നു. | കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 3,75,000 രൂപയെങ്കിലും നഷ്ടപരിഹാരം. ഇതിൽ 50% പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കു മ്പോഴും 25% കുററപത്രം സമർപ്പിക്കുമ്പോഴും 25% കീഴ്ക്കോടതി ശിക്ഷ വിധിക്കുമ്പോഴും നൽകേണ്ട താണ്. കുററകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 8,25,000/- രൂപ വരെ നഷ്ടപരിഹാരം ഇതിൽ 50% മെഡിക്കൽ റിപ്പോർട്ട് സമർപ്പി ക്കുമ്പോഴും 50% കുററപത്രം കോടതിക്ക് നൽകു മ്പോഴും നൽകേണ്ടതാണ്. |
| | (a) 100% അംഗവൈകല്യം ഉള്ള വ്യക്തി | 8,25,000/- |
| | (b) അംഗവൈകല്യം 100% ത്തിനു താഴെയും 50% നു മുകളിലും ആണെങ്കിൽ | 4,25,000/- (50:50) |
| | (c) അംഗവൈകല്യം 50% ത്തിനു താഴെയാണെങ്കിൽ | 2,50,000/- (50:50) |

| | | |
|---|---|---|
| 20 | കാലപാതകം,മരണം | കുറ്റകൃത്യത്തിനിരയായവർക്ക് 8,25,000/- രൂപ നഷ്ടപരിഹാരം, പോസ്റ്റുമാർട്ടം കഴിഞ്ഞശേഷം തുകയുടെ 50% വും കീഴ്ക്കോടതി ശിക്ഷ വിധിച്ച ശേഷം തുകയുടെ ബാക്കി 50% വും നൽകേണ്ടതാണ്. |
| 21 | കൊലപാതകം, മരണം, കൂട്ടക്കൊല, ബലാൽസംഗം കൂട്ടബലാൽസംഗം, സ്ഥിരമായ. അംഗവൈകല്യം, കവർച്ച എന്നിവയ്ക്ക് ഇരയാകുന്നത് | മുകളിൽ പറഞ്ഞിട്ടുള്ള സഹായങ്ങൾക്കു പുറമേ പീഡനം നടന്ന് മൂന്നുമാസത്തിനുള്ളിൽ താഴെ പറയുന്ന പ്രകാരമുള്ള സഹായങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്1. മരണപ്പെട്ട പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട ഒരംഗത്തിന്റെ വിധവയ്ക്കോ അല്ലെങ്കിൽ മററു ആശ്രിതർക്കോ മാസംതോറും 5000/- രൂപ വീതം പെൻഷൻ അല്ലെങ്കിൽ മരണപ്പെട്ട ആളുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി അല്ലെങ്കിൽ കൃഷി ഭൂമിയോ, വീടോ2. കുററ കൃത്യത്തിനിരയായ വ്യക്തികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിപാല നത്തിനും വേണ്ടുന്ന മുഴുവൻ തുക കുട്ടികളെ ആശ്രമം സ്കൂളുകളിലോ റസിഡൻഷ്യൽ സ്കൂളുകളിലോ പ്രവേശിപ്പിക്കാവുന്നതാണ്.3. മൂന്നു മാസത്തേക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും അവ പാചകം ചെയ്യുന്നതിനുള്ള ഉപകരണങ്ങളും |
| 22 | വീട്പരിപൂർണ്ണമായി നശിപ്പിക്കുകയോ, അഗ്നിക്കിരയാക്കുകയോ ചെയ്യുന്ന | സർക്കാർ ചെലവിൽ വീട് നിർമ്മിച്ച് നൽകുകയോ സർക്കാർ വീട് നൽശുകയോ ചെയ്യേണ്ടതാണ്. |

## അടിസ്ഥാന വിവരങ്ങൾ – ജില്ല തിരിച്ച് – പട്ടികജാതി വികസന വകുപ്പ്

| ജില്ല | പട്ടികജാതി വികസന ഓഫീസുകൾ | ട്രെയിനിംഗ് ഇൻസ്ററി ‌റ്റ്യൂട്ടുകൾ | മോഡൽ റസിഡൻഷ്യൽ സ്കൂൾ | നഴ്സറി സ്കൂൾ | പ്രീമെട്രിക് ഹോസ്റ്റൽ | പോസ്ററ് മെട്രിക് ഹോസ്റ്റൽ | സബ്സി സൈഡ്സ് ഹോസ്റ്റൽ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 17 | 9 | 1** | 10 | 6 | 3 | 1 |
| കൊല്ലം | 12 | 3 | - | 6 | 8 | 2 | - |
| പത്തനംതിട്ട | 9 | 2 | - | 8 | 6 | - | - |
| ആലപ്പുഴ | 12 | 2 | 1 | 3 | 4 | - | - |
| കോട്ടയം | 11 | 4 | - | 6 | 4 | 2 | - |
| ഇടുക്കി | 9 | - | 1 | 3 | 5 | - | - |
| എറണാകുളം | 18 | 1 | 1 | 19 | 5 | 2 | - |
| തൃശ്ശൂർ | 21 | 9 | 2 | 9 | 5 | - | 3 |
| പാലക്കാട് | 14 | 3 | 2 | 4 | 15 | 2 | 2 |
| മലപ്പുറം | 17 | 4 | - | 7 | 5 | - | - |
| കോഴിക്കോട് | 12 | 3 | 1 | 1 | 7 | 2 | - |
| വയനാട് | 4 | - | - | - | 1 | - | 1 |
| കണ്ണൂർ | 7 | 1 | - | 3 | 8 | 1 | - |
| കാസർഗോഡ് | 6 | 3 | 1 | 6 | 8 | 3 | - |
| ആകെ | 169 | 44 | 10 | 85 | 87 | 17 | 7 |

*ഈ ഓഫീസുകളുടെ ആസ്ഥാനം ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിററി/ കോർപ്പറേഷൻ ഇവയിൽ 61 എണ്ണം ഫസ്ററ് ഗ്രേഡ് ഓഫീസുകളും 107 എണ്ണം സെക്കൻററ് ഗ്രേഡ് ഓഫീസുകളുമാണ്.

** ശ്രീ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ.

## പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| | | |
|---|---|---|
| 1 | ആലപ്പുഴ | പുന്നപ്ര വടക്കൽ പി.ഒ |
| 2 | ഇടുക്കി | പീരുമേട്, ഇടുക്കി |
| 3 | എറണാകുളം | കീഴ്മാട്, ആലുവ |
| 4 | തൃശ്ശൂർ | വടക്കാഞ്ചേരി, റയിൽവേ സ്റ്റേഷൻ. പി.ഒ |
| 5 | | ചേലക്കര, കണിയാൻ കോട് പി.ഒ |
| 6 | പാലക്കാട് | തൃത്താല |
| 7 | പാലക്കാട് | കുഴൽമന്ദം, പെരിങ്ങോട്ടുകുറിശ്ശി, നടുവത്തപാറ പി.ഒ |
| 8 | കോഴിക്കോട് | അഴിയൂർ, കോഴിക്കോട് |
| 9 | കാസർഗോഡ് | വെള്ളച്ചാൽ |

### ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ

വെള്ളായണി, തിരുവനന്തപുരം. www.samgmrss.org

ഫോൺ :0471-2381601 (ഓഫീസ്) 2380334 (ഹോസ്റ്റൽ)

| | |
|---|---|
| ശ്രീമതി. ജയന്തി.വൈ<br>*പ്രിൻസിപ്പൽ* | 9495728855 |
| ശ്രീമതി. ശ്രീലത<br>*ഹെഡ്മിസ്ട്രസ്* | 9495574035 |
| ശ്രീ. ശ്രീകുമാർ. ജി<br>*സീനിയർ സൂപ്രണ്ട്* | 9895620183 |
| ശ്രീ. *സുനുലാൽ*<br>*സ്പോട്സ് ഓഫീസർ* | 9746661446 |

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾ

**i. തിരുവനന്തപുരം ജില്ല (6 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), പവിത്രാനന്ദപുരം, വഴുതൂർ, നെയ്യാറ്റിൻകര | നെയ്യാറ്റിൻകര | 3 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ചാവടിനട, അതിയന്നൂർ | അതിയന്നൂർ | 30 |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), അരുവിക്കര, നായർവട്ടക്കുളം L.P.S അരുവിക്കര, | നെടുമങ്ങാട് | 30 |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), വെഞ്ഞാറമൂട്, വാമനപുരം | വാമനപുരം | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കിളിമാനൂർ | കിളിമാനൂർ | 30 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),മേലാംകോട്, നെടുമങ്ങാട് | നെടുമങ്ങാട് | 30 |

**ii. കൊല്ലം (8 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), പോരുവഴി, പോരുവഴി പി.ഒ ശാസ്താംകോട്ട-690520 | ശാസ്താംകോട്ട | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),കുന്നത്തൂർ, കുന്നത്തൂർ.പി.ഒ പിൻ: 690540 | ശാസ്താംകോട്ട | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ശാസ്താംകോട്ട - 690521 | ശാസ്താംകോട്ട | 40 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),പുത്തൂർ - 691507 | വെട്ടിക്കവല | 40 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),എഴുകോൺ, കൊട്ടാരക്കര - 691501 | കൊട്ടാരക്കര | 30 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),ഓച്ചിറ - 690522 | ഓച്ചിറ | 30 |
| 7. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ആരംപുന്ന, ഇളമ്പൽ.പി.ഒ,പുനലൂർ | പത്തനാപുരം | 40 |
| 8. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),ചാത്തന്നൂർ | ഇത്തിക്കര | 30 |

**iii. പത്തനംതിട്ട (6 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),റാന്നി.പി.ഒ, തോട്ടമൺ | റാന്നി | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കല്ലറക്കടവ്, പത്തനംതിട്ട പി.ഒ | | |

| | | | |
|---|---|---|---|
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ഗവ: താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് സമീപം, തിരുവല്ല | തിരുവല്ല | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),കടയ്ക്കാട്, പന്തളം.പി.ഒ | പന്തളം | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), അടൂർ പി.ഒ, അടൂർ | അടൂർ | 30 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), മല്ലപ്പള്ളി | മല്ലപ്പള്ളി | 30 |
| iv. | ആലപ്പുഴ (4 എണ്ണം) | | |
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കലവൂർ, മണ്ണഞ്ചേരി പി.ഒ,പിൻ: 688538 | ആര്യാട് | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കരുമാടി പി.ഒ,അമ്പലപ്പുഴ - 688561 | അമ്പലപ്പുഴ | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), പുലിയൂർ പി.ഒ, ചെങ്ങന്നൂർ - 689510 | ചെങ്ങന്നൂർ | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കോമല്ലൂർ പി.ഒ, കരിമുളയ്ക്കൽ, ഭരണിക്കാവ് - 690505 | ഭരണിക്കാവ് | 30 |
| v. | കോട്ടയം (4 എണ്ണം) | | |
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), മുരിക്കുംപുഴ, പാല | പാല | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),വൈക്കം, പുളിഞ്ചുവട്,വൈക്കം പി.ഒ | വൈക്കം | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), സചിവോത്തമപുരം പി.ഒ | മാടപ്പള്ളി | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കോരുത്തോട് | കാഞ്ഞിരപ്പള്ളി | 30 |
| vi. | ഇടുക്കി (5 എണ്ണം) | | |
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ഇക്കാനഗർ, മൂന്നാർ - 685614, Ph::04865-232927 | ദേവീകുളം | 65 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),തൊപ്പിപ്പാള പി.ഒ, ചന്ദ്രൻസിറ്റി,Ph:04868-281450 | കട്ടപ്പന | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),പീരുമേട്, അഴുത, Ph:04869-232256 | അഴുത | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),കൂവപ്പിള്ളി, കാഞ്ഞാർ.പി.ഒ,Ph:04862-217131 | ഇളംദേശം | |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കരിമണ്ണൂർ പി.ഒ,Ph:04862-208501 | ഇളംദേശം | 38 |

vii. എറണാകുളം (5 എണ്ണം)

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), വെള്ളൂർകുന്നം, മൂവാറ്റുപുഴ - 687673 | മൂവാറ്റുപുഴ | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), പെരുമ്പാവൂർ, കടുവാൾ - 683542 | കൂവപ്പടി | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), പള്ളിത്താഴം, നോർത്ത് പറവൂർ - 683513 | പറവൂർ | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ചാത്തനാട്, ഏഴിക്കര | പറവൂർ | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), മലയാറ്റൂർ - 683587 | അങ്കമാലി | 30 |

viii. തൃശ്ശൂർ (5 എണ്ണം)

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), എരുമപ്പെട്ടി പി.ഒ, പിൻ: 680584 | വടക്കാഞ്ചേരി | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ഏങ്ങണ്ടിയൂർ, കുണ്ടലിയൂർ പി.ഒ - 680616 | തളിക്കുളം | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), നന്തിക്കര പി.ഒ | ഇരിങ്ങാലക്കുട | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ചെറുതുരുത്തി, നെടുമ്പുര പി.ഒ - 679531 | പഴയന്നൂർ | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), വെങ്ങാനെല്ലൂർ പി.ഒ,ചേലക്കര,തൃശൂർ - 680586 | പഴയന്നൂർ | 30 |

ix. പാലക്കാട് (15 എണ്ണം)

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),മുണ്ടൂർ,കയറംകോടം | പാലക്കാട് | 50 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), മങ്കര, കാളികാവ് റോഡ് | പാലക്കാട് | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), വടക്കഞ്ചേരി, മന്ദം, ആയക്കാട് | ആലത്തൂർ | 40 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ആലത്തൂർ, മലമലമൊക്ക് | ആലത്തൂർ | 40 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കോട്ടായി | കുഴൽമന്ദം | 50 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), പുതുനഗരം (വിരിഞ്ഞിപ്പാടം) | കൊല്ലങ്കോട് | 30 |
| 7. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കൊല്ലങ്കോട്, കോവിലകംമൊക്ക് പല്ലശ്ശന റോഡ് | കൊല്ലങ്കോട് | 30 |
| 8. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കൊഴിഞ്ഞാമ്പാറ | ചിറ്റൂർ | 40 |

| | | | |
|---|---|---|---|
| 9. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കാരാകുറിശ്ശി (അയ്യപ്പൻകാവ്) | ശ്രീകൃഷ്ണപുരം | |
| 10. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), പൊറ്റശ്ശേരി, പഞ്ചായത്ത് സ്റ്റേഡിയം പാലാംപേട്ട | മണ്ണാർക്കാട് | 30 |
| 11. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), അലനല്ലൂർ | മണ്ണാർക്കാട് | 30 |
| 12. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), അഗളി, നെല്ലിപ്പതി | മണ്ണാർക്കാട് | 30 |
| 13. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),ഷൊർണ്ണൂർ, പരുത്തിപ്ര | ഷൊർണ്ണൂർ | 40 |
| 14. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), മനിശ്ശേരി | ഒറ്റപ്പാലം | 30 |
| 15. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കുമരനെല്ലൂർ | തൃത്താല | 50 |

**X. മലപ്പുറം (5 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), തെച്ചിങ്ങണം പി.ഒ, പെരിന്തൽമണ്ണ | പെരിന്തൽമണ്ണ | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), അമ്പലപ്പടി, വണ്ടൂർ പി.ഒ | വണ്ടൂർ | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ചേറാണി,കരുവമ്പ്രം പി.ഒ, മഞ്ചേരി | മഞ്ചേരി | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), പരപ്പനങ്ങാടി | തിരൂരങ്ങാടി | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), മുക്കുതല, പെരുമ്പടപ്പ് | പെരുമ്പടപ്പ് | 30 |

**xi. കോഴിക്കോട് (5 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),എലത്തൂർ, എലത്തൂർ പി.ഒ, കോഴിക്കോട് - 673303 | കോഴിക്കോട്കോർപ്പറേഷൻ | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ഇരിങ്ങല്ലൂർ, ഗുരുവായൂരപ്പൻ കോളേജ് പി.ഒ,കോഴിക്കോട് - 673014 | കോഴിക്കോട് ബ്ലോക്ക് | |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), മാവൂർ, നിയർ GHSS മാവൂർ - 673661 | കുന്നമംഗലം | 50 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കക്കോടി, മക്കട പി.ഒ, കോഴിക്കോട് - 673611 | ചേളന്നൂർ | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), അവിടനല്ലൂർ, കോഴിക്കോട് - 673614 | ബാലുശ്ശേരി | 30 |

**xii. വയനാട് (6 എണ്ണം)**

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), വൈത്തിരി | കൽപ്പറ്റ | 30 |

xiii. കണ്ണൂർ (7 എണ്ണം)

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), അതിയടം പി.ഒ, പഴയങ്ങാടി | പയ്യന്നൂർ | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),(വാടക),ഐച്ചേരി, ശ്രീകണ്ഠപുരം.പി.ഒ | ഇരിക്കൂർ | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),ചെക്കിയാട്, മയ്യിൽ പി.ഒ | ഇരിക്കൂർ | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ),(വാടക),വേറ്റുമ്മൽ, ഈസ്റ്റ് കതിരൂർ പി.ഒ | തളിപ്പറമ്പ് | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ),കൊട്ടാരത്തുംപാറ, വെൻകുളത്ത് വയൽ അഴീക്കോട് പി.ഒ | കണ്ണൂർ | 30 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), കൂവോട്, കുറ്റിക്കോൽ പി.ഒ, തളിപ്പറമ്പ് | തളിപ്പറമ്പ് | 30 |
| 7. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), വാവാച്ചിമുക്ക്, കാവുംഭാഗം പി.ഒ, തലശ്ശേരി | തലശ്ശേരി | 30 |

xiv. കാസർഗോഡ് (8 എണ്ണം)

| | | | |
|---|---|---|---|
| 1. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), വിദ്യാനഗർ പി.ഒ - 671123 | കാസർഗോഡ് | 30 |
| 2. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), അണങ്കൂർ, കാസർഗോഡ് പി.ഒ - 671121 | കാസർഗോഡ് | 30 |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ (പെൺ), ചെമ്മട്ടംവയൽ, ബല്ല പി.ഒ, കാഞ്ഞങ്ങാട് - 671315 | കാഞ്ഞങ്ങാട് | 30 |
| 4. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ദേലമ്പാടി, ഉർദൂർ പി.ഒ - 671543 | കാറഡുക്ക | 30 |
| 5. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ബങ്കളം പി.ഒ, നീലേശ്വരം - 671314 | കാഞ്ഞങ്ങാട് | 30 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), രാജപുരം, രാജപുരം പി.ഒ - 671551 | പരപ്പ | 30 |
| 7. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), ബദിയടുക്ക, പെർഡാല പി.ഒ - 671551 | കാസർഗോഡ് | 50 |
| 8. | പ്രീമെട്രിക് ഹോസ്റ്റൽ (ആൺ), കാറഡുക്ക, കാറഡുക്ക പി.ഒ - 671542 | കാറഡുക്ക | 30 |

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

| ജില്ല | ആൺ/ പെൺ | അനുവദനീയമായ കുട്ടികളുടെ എണ്ണം | |
|---|---|---|---|
| **തിരുവനന്തപുരം** | | | |
| 1.വെള്ളയമ്പലം 1 | (ആൺ) | 120 | 0471-2317134 |
| 2.വെള്ളയമ്പലം 2 | (ആൺ) | 120 | 0471-2317135 |
| 3.പൂച്ചെടിവിള | (പെൺ) | 300 | 0471-2300009 |
| **കൊല്ലം** | | | |
| 4. അമൃതകുളം | (പെൺ) | 60 | 0474-2766804 |
| 5. അമൃതകുളം | (ആൺ) | 60 | 0474-2768319 |
| **കോട്ടയം** | | | |
| 6. നാട്ടകം | (പെൺ) | 60 | 0481-2432849 |
| 7. ചങ്ങനാശ്ശേരി | (ആൺ) | 60 | 0481-2420029 |
| **എറണാകുളം** | | | |
| 8. കണയന്നൂർ | (പെൺ) | 60 | 0484-2366346 |
| 9. കണയന്നൂർ | (ആൺ) | 60 | 0484-2371038 |
| **പാലക്കാട്** | | | |
| 10. പാലക്കാട് | (ആൺ) | 75 | 0495-2533060 |
| 11. കണ്ണാടി | (പെൺ) | 60 | 0495-2380183 |
| **കോഴിക്കോട്** | | | |
| 12. തിരുത്തിക്കാട് | (ആൺ) | 60 | 0497-2709758 |
| 13. ഈസ്റ്റ് ഹിൽ | (പെൺ) | 60 | |
| **കണ്ണൂർ** | | | |
| 14. കണ്ണൂർ | (ആൺ) | 60 | |
| **കാസറഗോഡ്** | | | |
| 15. വിദ്യാനഗർ | (ആൺ) | 60 | |
| 16. വിദ്യാനഗർ | (പെൺ) | 60 | 04994-253925 |
| 17. മഞ്ചേശ്വരം | (ആൺ) | 60 | 04994-256176 |

## പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ

| ക്രമ നമ്പർ | നഴ്സറി/ ബാലവാടി | പഞ്ചായത്ത് / മുനിസിപ്പാലിറ്റി | ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ |
|---|---|---|---|
| **തിരുവനന്തപുരം ജില്ല** | | | |
| 1. | ഈഞ്ചപുരി | ആര്യനാട് | വെള്ളനാട് |
| 2. | ഇടയ്ക്കോട് | മുദാക്കൽ | ചിറയിൻകീഴ് |
| 3. | തലയൽ | ബാലരാമപുരം | നേമം |
| 4. | ശ്രീനിവാസപുരം | ചെമ്മരുത്തി | വർക്കല |
| 5. | ശാന്തിപുരം | തിരുവനന്തപുരം കോർപ്പറേഷൻ | തിരുവനന്തപുരം കോർപ്പറേഷൻ |
| 6 | പെരുമ്പഴുതൂർ | നെയ്യാറ്റിൻകര | അതിയന്നൂർ |
| 7 | മര്യാപുരം | ചെങ്കൽ | പാറശ്ശാല |
| 8. | തിരുപുറം | തിരുപുറം | പാറശ്ശാല |
| 9 | തോന്നയ്ക്കൽ | പോത്തൻകോട് | പോത്തൻകോട് |
| 10 | മുരിയൻങ്കര | പാറശ്ശാല | പാറശ്ശാല |
| 11. | പനവൂർ | പനവൂർ | നെടുമങ്ങാട് |
| 12. | കരിഞ്ഞ | നെടുമങ്ങാട് | നെടുമങ്ങാട് |
| **കൊല്ലം ജില്ല** | | | |
| 1. | വിളക്കുടി | വിളക്കുടി | പത്തനാപുരം |
| 2. | കടയ്ക്കാമൺ | പിറവന്തൂർ | പത്തനാപുരം |
| 3. | പുനലൂർ | പുനലൂർ | പത്തനാപുരം |
| 4. | കുളക്കട | കുളക്കട | വെട്ടിക്കവല |
| 5. | വെളിയം | വെളിയം | കൊട്ടാരക്കര |
| 6. | ചാലൂർക്കോണം | കൊട്ടാരക്കര | കൊട്ടാക്കര |
| **പത്തനംതിട്ട ജില്ല** | | | |
| 1. | മുണ്ടുകോട്ടയ്ക്കൽ | പത്തനംതിട്ട | ഇലന്തൂർ |
| 2. | വാളുവെട്ടുംപാറ | പത്തനംതിട്ട | ഇലന്തൂർ |
| 3. | തുമ്പമൺ മുട്ടം | തുമ്പമൺ | പന്തളം |
| 4. | ചേരിക്കൽ (പഴയത്) | പന്തളം | പന്തളം |

| | | | |
|---|---|---|---|
| 5. | ചേരിക്കൽ (പുതിയത്) | പന്തളം | പന്തളം |
| 6. | അന്താലിമൺ | കോയിപ്രം | കോയിപ്രം |
| 7. | കുന്നന്താനം | കുന്നന്താനം | മല്ലപ്പള്ളി |
| 8. | എഴിക്കാട് | ആറന്മുള | പന്തളം |

**ആലപ്പുഴ ജില്ല**

| | | | |
|---|---|---|---|
| 1. | മണ്ണാഞ്ചേരി | മണ്ണാഞ്ചേരി | ആര്യാട് |
| 2. | ചങ്ങമല | വെണ്മണി | ചെങ്ങന്നൂർ |
| 3. | പെരിങ്ങലിപ്പുറം | ബുധനൂർ | ചെങ്ങന്നൂർ |

**കോട്ടയം ജില്ല**

| | | | |
|---|---|---|---|
| 1. | കുറിച്ചി | കുറിച്ചി | മടപ്പള്ളി |
| 2. | എലക്കാട് | കടപ്ലാമറ്റം | ഉഴവൂർ |
| 3. | കാട്ടിക്കുന്ന് | ചെമ്പ് | വൈക്കം |
| 4. | പനച്ചിക്കാട് | പനച്ചിക്കാട് | പള്ളം |
| 5. | മുളക്കുളം | മുളക്കുളം | കടുത്തുരുത്തി |
| 6. | പേരൂർ | ഏറ്റുമാനൂർ | ഏറ്റുമാനൂർ |

**ഇടുക്കി ജില്ല**

| | | | |
|---|---|---|---|
| 1. | ചില്ലിത്തോട് | അടിമാലി | അടിമാലി |
| 2. | റാണികോവിൽ | പീരുമേട് | അഴുത |
| 3. | കൊല്ലം പട്ടട | കുമിളി | അഴുത |

**എറണാകുളം ജില്ല**

| | | | |
|---|---|---|---|
| 1. | ഇരുമ്പനം | തൃപ്പൂണിത്തറ | തൃപ്പൂണിത്തറ |
| 2. | വെളിയത്തുനാട് | കരുമാലൂർ | ആലങ്ങാട് |
| 3. | ഞാറയ്ക്കൽ | ഞാറയ്ക്കൽ | വൈപ്പിൻ |
| 4. | പെരുമ്പടന്ന | ഏഴിക്കര | പറവൂർ |
| 5. | പുത്തൻവേലിക്കര | പുത്തൻവേലിക്കര | പാറക്കടവ് |
| 6. | കോട്ടുവള്ളി | കോട്ടുവള്ളി | പറവൂർ |
| 7. | ഇടത്തല | ഇടത്തല | വാഴക്കുളം |
| 8. | കടവൂർ | പൈങ്ങോട്ടൂർ | കോതമംഗലം |
| 9. | കോട്ടപ്പടി | കോട്ടപ്പടി | കോതമംഗലം |
| 10. | മണ്ണന്താഴം | ആലങ്ങാട് | ആലങ്ങാട് |
| 11. | മുപ്പത്തടം | കടുങ്ങല്ലൂർ | ആലങ്ങാട് |

| | | | |
|---|---|---|---|
| 12. | കടവന്ത്ര | കൊച്ചി കോർപ്പറേഷൻ | കൊച്ചി കോർപ്പറേഷൻ |
| 13. | ഉരൽകുത്തിപ്പാറ | തൃക്കാക്കര | തൃക്കാക്കര |
| 14. | ചെല്ലാനം | ചെല്ലാനം | പള്ളുരുത്തി |
| 15. | കുമ്പളങ്ങി | കുമ്പളങ്ങി | പള്ളുരുത്തി |
| 16. | മലയാറ്റൂർ | നീലീശ്വരം | അങ്കമാലി |
| 17. | കീഴുമുറി | രാമമംഗലം | പാമ്പാക്കുട |
| 18. | കൂത്താട്ടുകുളം | കൂത്താട്ടുകുളം | പാമ്പാക്കുട |
| 19. | രായമംഗലം | രായമംഗലം | കൂവപ്പടി |

**തൃശ്ശൂർ ജില്ല**

| | | | |
|---|---|---|---|
| 1. | പെരുമ്പിലിശ്ശേരി | ചേർപ്പ് | ചേർപ്പ് |
| 2. | അഷ്ടമിചിറ | മാള | മാള |
| 3. | ആനന്തപുരം | മുറിയാട് | ഇരിങ്ങാലക്കുട |
| 4. | പുത്തൻചിറ | പുത്തൻചിറ | വെള്ളാംകല്ലൂർ |
| 5. | വീട്ടിക്കുന്ന് | ഉതരിയാട് | പഴയന്നൂർ |
| 6. | കുമരനെല്ലൂർ | വടക്കാഞ്ചേരി | വടക്കാഞ്ചേരി |
| 7. | നെടുപുഴ | തൃശ്ശൂർ | തൃശ്ശൂർ കോർപ്പറേഷൻ |
| 8. | വേലൂപ്പാടം | വരന്തരപ്പിള്ളി | കൊടകര |
| 9. | മണ്ണംപേട്ട | അളകപ്പനഗർ | കൊടകര |

**പാലക്കാട് ജില്ല**

| | | | |
|---|---|---|---|
| 1. | തേനൂർ | പറളി | പാലക്കാട് |
| 2. | മാസപ്പറമ്പ് | തെങ്കര | മണ്ണാർക്കാട് |
| 3. | കൂട്ടാല | എരുമയൂർ | ആലത്തൂർ |
| 4. | പരുതൂർ | പരതൂർ | പട്ടാമ്പി |

**മലപ്പുറം ജില്ല**

| | | | |
|---|---|---|---|
| 1. | കുളത്തൂർ | കുളത്തൂർ | മങ്കട |
| 2. | പുല്ലൂർ | തലയ്ക്കാട് | തിരൂർ |
| 3. | മോറയൂർ | മോറയൂർ | മലപ്പുറം |
| 4. | നിലമ്പൂർ | നിലമ്പൂർ | നിലമ്പൂർ |
| 5. | പുറത്തൂർ | പുറത്തൂർ | തിരൂർ |
| 6. | തിരുവാലി | തിരുവാലി | വണ്ടൂർ |

| | | | |
|---|---|---|---|
| 7. | തലയ്ക്കാട് | തലയ്ക്കാട് | തിരൂർ |
| 8. | വണ്ടൂർ | വണ്ടൂർ | വണ്ടൂർ |

**കോഴിക്കോട് ജില്ല**

| | | | |
|---|---|---|---|
| 1. | പന്നിക്കോട്ടൂർ | ചക്കിട്ടപ്പാറ | പേരാമ്പ്ര |

**കണ്ണൂർ ജില്ല**

| | | | |
|---|---|---|---|
| 1. | കാട്ടാമ്പള്ളി | ചിറയ്ക്കൽ | കണ്ണൂർ |
| 2. | വളപട്ടണം | അഴിക്കോട് | കണ്ണൂർ |
| 3. | വാതിൽമട | പയ്യാവൂർ | ഇരിക്കൂർ |

**കാസർഗോഡ് ജില്ല**

| | | | |
|---|---|---|---|
| 1. | പനത്തടി | പനത്തടി | പരപ്പ |
| 2. | കണത്തൂർ | മുളിയൂർ | കാറടുക്ക |
| 3. | അങ്ങാടിപടവ് | മഞ്ചേശ്വരം | മഞ്ചേശ്വരം |
| 4. | ആനിക്കാട് | പീലിക്കോട് | നീലേശ്വരം |
| 5. | പറമ്പ | വെസ്റ്റ്എളേരി | നീലേശ്വരം |
| 6. | മനവേനി | വെസ്റ്റ്എളേരി | നീലേശ്വരം |

## പട്ടികജാതി – പട്ടികവർഗക്കാർക്കായി പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

### 1. ഗ്രാമപഞ്ചായത്ത്

എ. പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കുമായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.

ബി. പട്ടികജാതി-പട്ടികവർഗക്കാർക്ക് ഓലമേയുന്നതിനു ധനസഹായം നൽകുക.

സി. പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും കോളനികളിൽ കിണറുകളും പൊതുജല ടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.

ഡി. പട്ടികജാതി-പട്ടികവർഗക്കാർക്ക് വിവാഹം, വൈദ്യചികിത്സ, ഉപരിപഠനം ഇന്റർവ്യൂവിന് പാകുന്നതിലേക്കുള്ള യാത്രാബത്ത എന്നിവയ്ക്ക് ധനസഹായം നൽകുക.

ഇ. പട്ടികജാതി-പട്ടികവർഗക്കാർക്ക് കോളനി രൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.

എഫ്. പട്ടികജാതി-പട്ടികവർഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രീഷനറി) ഗ്രാന്റുകൾ നൽകുക.

ജി. പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക.

എച്ച്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമ പരിപാടികൾ ആരംഭിക്കുക.

## 2. ബ്ലോക്ക് പഞ്ചായത്ത്

എ. പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും ഭവനനിർമ്മാണത്തിനു സഹായം നൽകുക.

ബി. പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും ഇടയിലുള്ള ഭൂരഹിതരെയും ഭവനരഹിതരെയും പുനരധിവസിപ്പിക്കുക.

സി. പട്ടികജാതിക്കാർക്കും,പട്ടികവർഗക്കാർക്കും ഭവനനിർമ്മാണ സൗകര്യങ്ങൾമെച്ചപ്പെടുത്തുക.

ഡി. സംയോജിത വാസസ്ഥല വികസന പരിപാടി നടപ്പിലാക്കുക.

ഇ. പട്ടികജാതി-പട്ടികവർഗ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ കൊടുക്കുക.

എഫ്. പട്ടികജാതി-പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യം ഏർപ്പാടു ചെയ്യുക.

ജി. കോളനി വാസികൾക്കുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക.

## 3. ജില്ലാ പഞ്ചായത്ത്

എ. പട്ടികജാതിക്കാരും പട്ടികവർഗക്കാരുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ.

ബി. പട്ടികജാതി-പട്ടികവർഗക്കാർക്കായിട്ടുള്ള ബാലവാടികൾ, നഴ്സറി സ്കൂളുകൾ, സീസൺ ഡെകെയർ കേന്ദ്രങ്ങൾ, ഡോർമിറ്ററികൾ എന്നിവയുടെ നടത്തിപ്പ്.

സി. പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും വേണ്ടി സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

## 4. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

എ. പ്രീ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

| 2. | ബസവൻകൊല്ലി | വയനാട് |
| 3. | ഉദയക്കര | വയനാട് |
| 4. | പരിയാരം | വയനാട് |
| 5. | ബേഗൂർ | വയനാട് |
| 6. | ആക്കൊല്ലിക്കുന്ന് | വയനാട് |
| 7. | പാലക്കയം | മലപ്പുറം |

## 6. കിന്റർ ഗാർട്ടനുകൾ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | വഞ്ചിയോട് | കൊല്ലം |
| 2 | താളുകണ്ടം | ഇടുക്കി |
| 3 | ഓടക്കയം | മലപ്പുറം |
| 4 | അടുപ്പിൽ | കോഴിക്കോട് |
| 5 | താളൂർ | വയനാട് |
| 6 | മാത്തൂർ | വയനാട് |
| 7 | കാപ്പുൻചാൽ | വയനാട് |
| 8 | പൊട്ടൻകൊല്ലി | വയനാട് |
| 9 | മൈലാടി | വയനാട് |
| 10 | ചൂണ്ടക്കര | വയനാട് |

## 7. നഴ്സറി സ്കൂളുകൾ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | മണലി | തിരുവനന്തപുരം |
| 2 | വ്ളാവെട്ടി | തിരുവനന്തപുരം |
| 3 | കടമാൻകോട് | കൊല്ലം |
| 4 | പൂച്ചപ്ര | ഇടുക്കി |
| 5 | കൂവക്കണ്ടം | ഇടുക്കി |
| 6 | കുമിളി | ഇടുക്കി |
| 7 | അഗളി | പാലക്കാട് |
| 8 | തരിയോട് | വയനാട് |
| 9 | കുഞ്ഞോം | വയനാട് |
| 10 | തിരുനെല്ലി | വയനാട് |
| 11 | മാതമൂല | വയനാട് |
| 12 | പാക്കം | വയനാട് |
| 13 | കണ്ണവം | കണ്ണൂർ |

## 8. ബാലവാടി/വികാസ്വാടി

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | തോണിക്കടവ് | വയനാട് |
| 2 | കൊട്ടമുരട്ട് | വയനാട് |
| 3 | കാവശ്ശേരി | കൊല്ലം |
| 4 | പഞ്ചാരകൊല്ലി | വയനാട് |

## 9. ബാല വിജ്ഞാനകേന്ദ്രം

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | തണ്ടൻ കല – | മലപ്പുറം |
| 2 | ഇരുട്ടുകുത്തി | മലപ്പുറം |
| 3 | പുഞ്ചകൊല്ലി | മലപ്പുറം |

## 10. അഗതി മന്ദിരങ്ങൾ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | മാനന്തവാടി (വയനാട്) | |
| 2 | സുഗന്ധഗിരി (വയനാട്) | |
| 3 | അട്ടപ്പാടി (പാലക്കാട്) | |

## 11. മിഡ് വൈഫറി സെന്റർ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | കടമാൻ കോട് | കൊല്ലം |
| 2 | പഞ്ചാരകൊല്ലി | വയനാട് |
| 3 | കാപ്പുസെറ്റ് | വയനാട് |
| 4 | കുറിച്യാട് | വയനാട് |

## 12. ആയുർവേദ ഡിസ്പെൻസറികൾ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | ചെട്ടിയാമ്പാറ | തിരുവനന്തപുരം |
| 2 | ഇടിഞ്ഞാർ | തിരുവനന്തപുരം |
| 3 | കുളത്തൂപ്പുഴ | കൊല്ലം |
| 4 | നാളിയാനി | ഇടുക്കി |
| 5 | കുരുതിക്കളം | ഇടുക്കി |
| 6 | ചമ്പക്കാട് | ഇടുക്കി |
| 7 | മന്നാങ്കണ്ടം | ഇടുക്കി |
| 8 | കാഞ്ചിയാർ | ഇടുക്കി |
| 9 | പിണവൂർക്കുടി | എറണാകുളം |
| 10 | തിരുനെല്ലി | വയനാട് |
| 11 | തരിയോട് | വയനാട് |
| 12 | ചീങ്ങേരി | വയനാട് |
| 13 | കണ്ണവം | കണ്ണൂർ |
| 14 | ബേള | കാസറഗോഡ് |
| 15 | നാറാണംമൂഴി | പത്തനംതിട്ട |
| 16 | കരുളായി | മലപ്പുറം |
| 17 | കുരിയാർകുടി | പാലക്കാട് |

## 13. ആയുർവേദ ആശുപത്രി

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | ആറളം | കണ്ണൂർ |

## 14. മൊബൈൽ മെഡിക്കൽ യൂണിറ്റ്

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | നെടുമങ്ങാട് | തിരുവനന്തപുരം |
| 2 | തൊടുപുഴ | ഇടുക്കി |

## 15. ഒ.പി. ക്ലിനിക്കുകൾ

| ക്രമ നം | സെന്റർ | ജില്ല |
|---|---|---|
| 1 | മലക്കപാറ | തൃശ്ശൂർ |
| 2 | പാടവയൽ | പാലക്കാട് |
| 3 | ഇലച്ചിവഴി | പാലക്കാട് |
| 4 | കോവിൽക്കടവ് | ഇടുക്കി |
| 5 | വെള്ളക്കയം | ഇടുക്കി |

# പട്ടികവർഗ്ഗ വികസനപദ്ധതികൾ

## വിദ്യാഭ്യാസം

### 1. പ്രീമെട്രിക് വിദ്യാഭ്യാസം

S.S.L.C.വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യായനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. ലപ്സംഗ്രന്റ് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലപ്സംഗ്രാന്റ് | എൽ.പി.വിഭാഗം | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1. | എൽ.പി വിഭാഗം Iമുതൽ IV വരെ | 320/- | 130/- |
| 2. | യു.പി വിഭാഗം Vമുതൽ VII വരെ | 630/- | 160/- |
| 3. | ഹൈസ്കൂൾ വിഭാഗം | 940/- (ഒരു ക്ലാസ്സിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലപ്സംഗ്രാന്റിന്റെ 50% നൽകുന്നു) | 190/- |

### 2. പോസ്റ്റ്മെട്രിക് പഠനം

പത്താം ക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലപ്സംഗ്രന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലപ്സംഗ്രാന്റ് നൽകുന്നത്.

| കോഴ്സ് | ലംപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് | |
|---|---|---|---|
| | | 8 കിലോ മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 8 കിലോ മീറ്ററിന് പുറത്ത് താമസിക്കുന്നവർക്ക് |
| Plus two/vocational H.S തത്തുല്യം | 1130/- | 630/- | 750/- |
| BA/B.sc/B.com/B.Ed തത്തുല്യം | 1190/- | 630/- | 750/- |
| MA/M.Sc/M.Com തത്തുല്യം | 1570/- | 630/- | 750/- |
| Engineering/Vetenary/Agricultural മുതലായവ | 2250/- | 630/- | 750/- |
| MBBS/MS/MD | 3130/- | 630/- | 750/- |

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

| | പ്രതിമാസ പോക്കറ്റ് മണി നിരക്ക് |
|---|---|
| മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾ | 190/- രൂപ |
| മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥി | 190/- രൂപ |

## 3 നഴ്സറി സ്കൂളുകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂളുകളിൽ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവുകളും പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നാണ് നൽകുന്നത്.

| | |
|---|---|
| കുട്ടികൾക്കുള്ള ലംപ്സംഗ്രാന്റ് | 190/- രൂപ |
| പ്രതിദിനം ഒരു കുട്ടിക്കുള്ള ഭക്ഷണചെലവ് | 30/- രൂപ |

## 4. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ വികസനവകുപ്പിന് കീഴിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 58 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും 2 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരചെലവുകൾക്ക് അനുവദനിയമായ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസുവരെയുള്ളവർക്ക് | 3000/-രൂപ |
| +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | 3450/- രൂപ |

## 5. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ +2 ക്ലാസ്സിനു മുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽകൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## 6. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്.-കൾ. പട്ടികവർഗ വികസനവകുപ്പിന് കീഴിൽ 18 എം.ആർ.എസ് സ്കൂളുകളും, തിരുവനന്തപുരം ഞാറനീലിയിൽ, കുറ്റിച്ചൽ എന്നിവിടങ്ങളിൽ രണ്ട് സി.ബി.എസ്.ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 20 സ്ഥാപനങ്ങളിലായി 5769 കുട്ടികൾ പഠിച്ചുവരുന്നു. ഇവയിൽ 1990-91ൽ ആരംഭിച്ച കട്ടേല, നല്ലൂർനാട് എം.ആർ.എസ്.-കൾ കൂടാതെ കാസർഗോഡ്, കണ്ണൂർ, ചാലക്കുടി, മൂന്നാർ, വടശ്ശേരിക്കര, നൂൽപ്പുഴ, കൽപ്പറ്റ, നിലമ്പൂർ, ഞാറനീലി (സി.ബി.എസ്.ഇ) എന്നീ സ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളാണ്. തിരുനെല്ലി, പൂക്കോട്, ഇടുക്കി, ഏറ്റുമാനൂർ, കുളത്തൂപ്പുഴ എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പത്താംക്ലാസ്സുവരെയും കുറ്റിച്ചൽ (സി.ബി.എസ്.സി) ജി.കെ. എം.ആർ.എസ്.ൽ മൂന്നാം ക്ലാസ്സുവരെയും, ആശ്രമം സ്കൂൾ, കാസർഗോഡിൽ (കൊറഗ) ഒന്നാം ക്ലാസ്സുവരെ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. മലപ്പുറം (നിലമ്പൂർ), വയനാട് (നൂൽപ്പുഴ), പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 സ്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. തിരുനെല്ലിയിൽ (വയനാട്) പ്രവർത്തിക്കുന്ന എം.ആർ.എസ് അടിയ/ പണിയ വിഭാഗക്കാർക്കും, 2017 ൽ കാസർഗോഡ് പ്രവർത്തനം ആരംഭിച്ച ആശ്രമം സ്കൂളിൽ കൊറഗ വിഭാഗക്കാർക്കും പ്രവേശനം നൽകിവരുന്നു. പട്ടികജാതി/ പട്ടികവർഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നത്.

സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100% കേന്ദ്രസഹായം ലഭിക്കുന്നവയെ എം.ആർ.എസ്-കൾ എന്നും, 50% കേന്ദ്രസഹായം ലഭിക്കുന്നവയെ ആശ്രമം സ്കൂളുകളെന്നും സർക്കാർ തരംതിരിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 275(1) ൽ ഉൾപ്പെടുത്തി 100% കേന്ദ്രസഹായം ലഭിച്ചിട്ടുള്ള 3 എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസ്-കളിലും, ഞാറനീലി, കുറ്റിച്ചൽ സി.ബി.എസ്.ഇ സ്കൂളിലും പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

ഡിസംബർ/ ജനുവരി മാസങ്ങളിൽ എം.ആർ.എസ്. പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രവേശനപരീക്ഷയുടെ അടിസ്ഥാന

ത്തിൽ അർഹരായ അപേക്ഷകരിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. എം.ആർ.എസ് പ്രവേശനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനപരിധി 1,00,000/- രൂപയാണ്. ജില്ലകളിലെ ഐ.ടി.ഡി പ്രോജക്ടാഫീസർ/ പട്ടികവർഗ വികസനആഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഭക്ഷണ ചെലവുകൾക്ക് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | പ്രതിമാസ നിരക്ക് |
|---|---|
| 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് | 3000/- രൂപ |
| ഹയർസെക്കന്ററി വിഭാഗം വിദ്യാർത്ഥിക്ക് | 3450/- രൂപ |

## 7. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

എൻ.സി.വി.ടിയുടെ അംഗീകാരമുള്ള കോഴ്സുകളിൽ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിനാണ് ഈ പദ്ധതി. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കുട്ടമലയിലും ഇടുക്കി ജില്ലയിൽ നടുകാണിയിലും ഓരോ ഐ.ടി.ഐ-കൾ പ്രവർത്തിച്ചുവരുന്നു.

## 8. ഉൽപ്പാദനപരിശീലനകേന്ദ്രം

പട്ടികവർഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലായിലെ ചേന്നൻപാറയിൽ ഒരു ഉൽപ്പാദനപരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

## 9. വ്യാവസായിക പരിശീലനകേന്ദ്രങ്ങൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശിലനം നൽകുന്നതിനുവേണ്ടി തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്ന മാതൃക പരിശീലന കേന്ദ്രങ്ങളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

## 10. ഗോത്രസാരഥി

14 വയസുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടനഉറപ്പുനൽകുന്നു. പട്ടികവർഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. വാഹനസൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീക്ഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ലാത്തതിനാൽ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളുകളിൽ പോയിവരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.

ടി.എ യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ വാഹനസൗകര്യം ചെയ്തു കൊടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രതാരഥി. വീട്ടിൽ നിന്നും സ്കൂളിൽ എത്താനുള്ള വാഹനവാടക (ഓട്ടോ/ജീപ്പ്/വാൻ തുടങ്ങിയ വാഹനങ്ങൾക്കുള്ള

## 11. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസ്സുവരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. പുസ്തകം, പഠന സാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും, മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥികൾക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്.

## 12. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഹൈസ്കൂളുകളിലും +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് പഠിക്കുന്നതിന് പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾ മുഖേനനൽകുന്നതിനാണ് ഈ ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാനം പരീക്ഷക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

<u>ഈ പദ്ധതിയിലെ പ്രധാനഘടകങ്ങൾ</u>

1) ഹൈസ്കൂളുകളിലെയും 11,12 ക്ലാസുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഫീസ് നൽകുക.
2) എസ്.എസ്.എൽ.സി, പ്ലസ്ടു എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.
3) അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുല പരിപാടി, പാലക്കാട് നെഹറു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
4) പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട്ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുക.

## 13 വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടുജോഡി യൂണിഫോം നൽകി വരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

## 14. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

| ഇനം | ക്ലാസ്സ് | നിരക്ക് |
|---|---|---|
| ബോർഡിംഗ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |
| | +1, +2 വിദ്യാർത്ഥികൾക്ക് | 800/- |
| യൂണിഫോം അലവൻസ് | 1 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്ക് | 500/- |
| | 10 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |

## 15.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവ ഉന്നത വിജയം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- എന്നീ രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനസമ്മാനം നൽകി വരുന്നു.

ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 5 വിദ്യാർത്ഥികൾക്കു വീതവും മറ്റു ജില്ലകളിൽ 2 വിദ്യാർത്ഥികൾക്കു വീതവും യഥാക്രമം 3000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനസമ്മാനം നൽകി വരുന്നു.

## 16. ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി മെച്ചപ്പെട്ട നിലവാരമുള്ള പ്രൈവറ്റ്/എയ്ഡഡ്/സർക്കാർ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്.

സ്കൂളുകളിലെ അഡ്മിഷൻ 100% ഉറപ്പുവരുത്തുക. ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠനനിലവാരം നിശ്ചയിക്കുന്നതിന് ടെസ്റ്റ് നടത്തുക. പരിഹാര അധ്യയനം നടത്തുക. സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക. പ്രവേശനപരീക്ഷയിൽ പങ്കെടുക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകുക. സമർത്ഥരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളിലൂടെ പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അധിക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പ്രകാരം എം.ആർ.എസ്-കളിൽ കൗൺസിലർമാരെ നിയമിക്കുക, +1, +2 സയൻസ് ബാച്ചുകൾക്ക് പ്രവേശനപരീക്ഷ പരിശീലനം, എം.ആർ.എസ്-കളിൽ _കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു.

## 17.ഭാരത ദർശൻ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരതദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2 വിലും ഡിഗ്രി ക്ലാസ്സിലും, ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രക്കുവേണ്ടിയുള്ള യഥാർത്ഥ ചെലവ് സാമ്പത്തിക സഹായമായി അനുവദിച്ചു നൽകി വരുന്നു.

## 18. മാതാപിതാക്കൾക്ക് പ്രോത്സാഹനഗ്രാന്റ്

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസത്തേക്ക് 500/- രൂപ പ്രോത്സാഹനധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യായനവർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കാണ് പ്രോത്സാഹനഗ്രാന്റ് നൽകി വരുന്നു.

## 19. പെരിപ്പതറ്റിക് സ്ഥാപനങ്ങൾ പട്ടികവർഗക്കാർക്കുവേണ്ടി സഞ്ചരിക്കുന്ന വിദ്യാഭ്യാസം

പട്ടികവർഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം ഉണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 2005-2006 ൽ പര്യടനവിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. വകുപ്പിന് കീഴിൽ 7 പെരിപെതെറ്റിക്ക് സെന്ററുകളും 23 ഏകാദ്ധ്യാപക സ്കൂളുകളും 3 ബാലവിജ്ഞാനകേന്ദ്രങ്ങളും പര്യടന വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആരോഗ്യം**

## 20. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ (ആശുപത്രി വഴിയുള്ള മെഡിക്കൽ സഹായം)

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു.
ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് ( മരുന്ന് വാങ്ങാൻ, മെഡിക്കൽ ടേസ്റ്റ് തുടങ്ങിയവ) 10000/- രൂപ വരെ ബി.പി.എൽ/ എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10000/- രൂപക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10.000/- രുപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന കേസുകളിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്രണ്ട് മാർക്ക് അനുവദിക്കുന്നു.

## 21. അരിവാൾ രോഗത്തിനു ധനസഹായം

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അരിവാൾ രോഗം. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2,500/- രൂപ വീതം ധനസഹായം നൽകി വരുന്നു. ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്.

## 22. ജനനി-ജന്മരക്ഷ

പട്ടികവർഗ വിഭാഗത്തിൽ അമ്മയുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ആരോഗ്യ രംഗത്തെ പ്രധാനപ്രശ്നമാണ്. ആവശ്യ സമയത്ത് സാമ്പത്തിക സഹായം ലഭിച്ചെങ്കിലെ പ്രസവത്തിന് മുമ്പും ശേഷവും അവർക്ക് വേണ്ടത്ര പരിചരണം ഉണ്ടാവു അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജമ്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് 1 വയസാകുന്നതുവരെയുള്ള 18 മാസക്കാലം 1,000/- രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതിവഴി നൽകി വരുന്നു. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയാണ് ധനസഹായം നൽകി വരുന്നത്.

## 23. പട്ടികവർഗ്ഗ ദുരിതാശ്വാസനിധി

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് 1 ലക്ഷം രൂപവരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപവരെയും ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000/- രൂപവരെ ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്നതുമായ പട്ടികവർഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശ പ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തങ്ങൾ മുതലായവ മൂലം ഭൂരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ / അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായ നിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ

## 24. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉണ്ട്.

## 25. ആരോഗ്യ പദ്ധതികൾ

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം , കുഷ്ഠം, ത്വക്ക് രോഗങ്ങൾ സിക്കിൾസെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989-90ൽ ആരംഭിച്ചതാണ് ഈ പദ്ധതി നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി.ക്ലീനിക്കുകളും ഇടുക്കിയിൽ 2 ഒ.പി.ക്ലിനിക്കും, ചാലക്കുടി പട്ടികവർഗ വികസന ആഫീസറുടെ കീഴിൽ ഒരു ഒ.പി.ക്ലിനിക്കും പ്രവർത്തിക്കുന്നു. ഈ പ്രേജക്ടുകൾ ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

## 27. വൈദ്യസഹായ പദ്ധികൾ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പട്ടിക വർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ 4 മിഡ്‌വൈഫറി സെന്ററുകളും ,ഒരു ആയുർവ്വേദാശുപത്രിയും, 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

## സാമൂഹ്യ–സാമ്പത്തിക ഉന്നമന പദ്ധതികൾ

## 28. അടിയ പണിയ പ്രാക്തനവർഗ്ഗങ്ങൾ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്

മറ്റ് പട്ടിക വർഗ്ഗ വിഭാഗങ്ങളേക്കാൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗ്ഗക്കാർ എന്നിവരുടെ പിന്നോക്കവസ്ഥ കണക്കിലെടുത്ത് അവർക്ക് വിദ്യാഭ്യസപരവും സാമ്പത്തികവുമായി മുന്നേറാൻ ഈ പദ്ധതികൾ സഹായിക്കുന്നു. ഈ വിഭാഗക്കാരുടെ ആരോഗ്യ പരിപാലനത്തിനും പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. അട്ടപ്പാടി മാനന്തവാടി, സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ 3 അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു. വനത്തിനുള്ളിലോ പരിസരപ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യപരിരക്ഷ ഉറപ്പാക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 29. ഭക്ഷ്യ സഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി അവർ സാധാരണ ചെയ്യുന്ന ജോലി ചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അവർക്കിടയിൽ മൺസുൺകാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ ഇത് കാരണമാകുന്നു. ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്.ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ് ഊരുകൂട്ടങ്ങൾ മുഖേനപ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികളും ഗിരിജൻ സർവ്വീസ് സംഘം മുഖേനവിതരണം ചെയ്യുന്ന റേഷൻ സാധങ്ങളുടെ ചുമുട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകിവരുന്നത്.

## 30.കൈത്താങ്ങ് (അനാഥർക്കുള്ള ധനസാഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും - അശരണരുമായ പട്ടിക വർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു.പ്രായപൂർത്തിയാകുന്നതുവരെയോ, സ്വന്തമായി വരുമാനം ഉണ്ടകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്തു കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചു വരുന്നു.

## 31.പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പ്രായോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസനവകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യറാക്കണമെന്ന് 13.08 ലെ 1385 /എ/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.പൊതുവിദ്യാഭ്യാസം, സാമൂഹ്യ നീതി, കല, സംസ്കാരം, കായിക വിനോദവും യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടിക വർഗ വുകസനത്തിന് മുൻഗണനനൽകേണ്ട വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണനനൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവിഭാഗക്കാർക്ക് പ്രയോജനമാണെന്ന് സംസ്ഥാനജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

## 32 അംബേദ്ക്കർ സെറ്റിൽമെന്റ് വികസനപദ്ധതി (പുതുക്കിയ എ.റ്റി.എസ്. പി പദ്ധതി)

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.അടിയന്തരമായി നടപ്പാക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാനആവശ്യങ്ങൾ, പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 33. ഗോത്ര സംസ്കൃതി (കേരള സംസ്ഥാനട്രൈബൽ അബോഡ് കോംപ്ലക്സ്)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമ സൗക

ര്യവും ഒരുക്കാൻ കൊച്ചി നഗരത്തിൽ 1.18 ഏക്കർ സ്ഥലത്ത് 2229ച.കി.മീ വിസ്തൃതിയിൽ 3 നിലകളിലായി ട്രൈബൽ കോംപ്ലക്സ് നിർമ്മിച്ചു ഇത് പണിപൂർത്തിയായി വരുന്നു.

## 34. ആദിവാസി പുനരധിവാസ വികസനമിഷൻ (ടി.ആർ.ഡി.എം)

ഭൂരഹിത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരാമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റിഹാബിലിറ്റലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ (ടി. ആർ.ഡി.എം) രൂപികരിച്ചിട്ടുണ്ട്.

1) ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനം
2) ജലസേചനവും കൃഷിയും ഉൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ
3) സ്വയംതൊഴിൽ പദ്ധതികൾ
4) മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ.

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ,കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, അംഗൻവാടി, കമ്മ്യുണിറ്റിഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാനപദ്ധതികളാണ്. ഈ പദ്ധതിയിൽ ഇതുവരെ ഭൂരഹിതർക്ക് ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളും തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ഏകോപനത്തോടെ വികസനപദ്ധതികൾ പുരോഗമിച്ചുവരുന്നു.

## 35. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹ ധനസഹായം 50,000/-രൂപ നിരക്കിലാണ് നൽകി വരുന്നത് വിവാഹ തീയതിക്ക് ഒരു മാസത്തിന് മുമ്പെ ധനസാഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒ.മാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിനു ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം അനുവദിച്ചു നൽകുന്നു.

## 36.ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിൽ നില നിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ് പ്രോജക്ടധി ഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ധ്യ വികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേ തികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഗതാഗത സൗകര്യം പട്ടിക വർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധ തിയുടെ കുറവ് പരിഹരിക്കൽ എന്നിവ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

## 37.പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗക്കാർ കുടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക. പട്ടികവർഗ്ഗ വിക സനവകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണ ഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രർത്തിക്കുക. ഗുണഭോ ക്തക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ യുവതീയുവാക്കളെ നിയമിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി യെത്തുന്ന പട്ടികവർഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ ഹെൽത്ത് പ്രൊമോട്ടർമാരെയും മേൽ പറഞ്ഞ പ്രൊമേട്ടർമാരിൽ നിന്നും പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്.ഇവർക്ക് പ്രതിമാസം 9,625 /- രൂപ ഹോണറേറിയവും, യാത്രാചെലവും ഉൾപ്പെടെ നൽകി വരുന്നു.

## 38. ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്ന തിനും ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭാഗ മായി പരീശിലനം നൽകുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മ തലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ, നിർവഹണത്തിലും മോണിറ്റ റിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാന പ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. ഊരുകൂട്ടങ്ങൾ 4 മാസ ത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. ഓരോ ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന്റെ ചെലവിലേക്കായി 2500 രൂപ വീതം അനുവദിച്ചുവരുന്നു.

## 39.പ്രത്യേക കേന്ദ്ര സഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വ യംതൊഴിൽ പദ്ധതികൾ, പരിശീലനപരിപാടികൾ, കാർഷിക പദ്ധതി കൾ തുടങ്ങിയ സാമ്പത്തിക ഉന്നമനപരിപാടികൾ പ്രത്യേകം തിരഞ്ഞെ ടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പി ലാക്കുന്നു. ഇതിനായി തയ്യാറുക്കുന്ന പദ്ധതികൾ സംസ്ഥാനജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പി ലാക്കി വരുന്നത്.

## 40.ഭവനരഹിതർക്ക് ഭവനം

ഭവനരഹിതരായ പട്ടികവർഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണ ധനസഹായ ഗ്രാന്റ് നിലവിൽ 3.5 ലക്ഷം രൂപയായിട്ടാണ് നൽകി വരുന്നത്. ടി തുക 4 ഗഡുക്കളായാണ് നൽകിവരുന്നത്.

## 41. ഇടമലക്കുടി പാക്കേജ്

2010 നവംബർ 1-ാം തീയതി രൂപീകൃതമായ ഇടമലക്കുടി കേരളത്തിലെ ഏക പട്ടികവർഗ ഗ്രാമപഞ്ചായത്താണ്. പുതുക്കുടി എന്ന സൊസൈറ്റിക്കുടി ആസ്ഥാനമായ ഈ ഗ്രാമപഞ്ചായത്തിൽ 28 കുടികളിലായി 621 കുടുംബങ്ങൾ അധിവസിച്ചുവരുന്നു. ഇടമലക്കുടി സമഗ്ര വികസനത്തിനായി 10.35 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടം തുക 4.33 കോടി രൂപ പദ്ധതി നിർവ്വഹണ വകുപ്പായ വനം വകുപ്പിനെഏൽപ്പിക്കുകയുമുണ്ടായി.

## 42. വീടുകളുടെ അറ്റകുറ്റപ്പണികൾ

2008ലെ ബേസ്ലൈൻ സർവ്വേയിൽ 55% പട്ടികവർഗ ഭവനങ്ങൾ തകർന്നതും 44% അടുക്കള ഇല്ലാത്തതുമാണെന്ന് കണ്ടെത്തി. 51% വീടുകൾ സ്ഥല സൗകര്യങ്ങൾ ഇല്ലാത്തവയാണെന്നും കണ്ടെത്തി. ആയതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിനും അധിക മുറികൾ നിർമ്മിക്കുന്നതിനും തകർന്ന ഭവനങ്ങളുടെ പുനർനിർമ്മാണത്തിനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ പ്രകാരം നിലവിൽ അനുവദിച്ചു നൽകി വരുന്നു.

## 43. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം മാനന്തവാടിയിലെ പ്രിയദർശിനി തേയില തോട്ടത്തിന് കാർഷിക വൃത്തിക്കുള്ള ധനസഹായം വയനാട് ജില്ലയിൽ അംബേദ്ക്കർ സ്മാരക ഗ്രാമവികസനഇൻസ്റ്റിറ്റ്യൂട്ടിന് തൊഴിൽ വൈദഗ്ദ്ധ്യം പരിശീലനത്തിനുള്ള ധനസഹായം, അട്ടപ്പാടി കോ- ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്കുള്ള ധനസഹായം, അട്ടപ്പാടിയിലെ ചിണ്ടക്കി സ്കൂൾ, ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനാവശ്യാമായ ധനസഹായം പട്ടികവർഗ മേഖൽയിലെ പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന പ്രവർത്തനധനസഹായം എന്നിവ ഈ പദ്ധതിയിൽ വരുന്നു.

## 44. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവ

വിഭവശേഷി വികസനം, കായിക വികസനം, സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പരിപാലനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നു. ടി പദ്ധതി കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് നടപ്പിലാക്കുന്നത്.

### 45. ഏറ്റവും പിന്നോക്കമായ പട്ടികവർഗക്കാർക്കുള്ള തൊഴിൽ പരീശിലനം.

അംഗീകൃത വ്യാവസായിക പരീശിലനഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് 2 ജോഡി യൂണിഫോമുകളുടെ ചെലവ് എന്നിവ നൽകുന്നു.

### 46. ഇൻഫോർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻകലോൽസലങ്ങൾ, എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടിക വർഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രദർശനവിപണനസൗകര്യ ങ്ങൾ ഏർപ്പെടുത്തുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ പരി പാടികൾ, വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേ ഷൻ, പട്ടികവർഗ ഉപദേശക സമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനവസ്തുക്കൾ നൽകൽ, സർഗ്ഗോത്സവം, കളിക്കളം പരിപാടികൾ, എം.ആർ.എസ്-കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 47. ഗിരിവർഗ പദ്ധതി മോണിട്ടർ ചെയ്യുന്നതിനും ഭരണം ശക്തി പ്പെടുത്തുന്നതിനുമുള്ള പദ്ധതി.

പട്ടികവർഗ്ഗ വികസനവകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനിക സംവിധാനം ഏർപ്പെടു ത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും ജീവന ക്കാർക്ക് പരീശിലനം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും, ഇന്റർനെറ്റ് / ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹന ങ്ങൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

### 48. പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം.

പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തർകരുടെ സേവനം ഉപ യോഗപ്പെടുത്തി പട്ടികവർഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം മയക്കുമരുന്ന്, പുകയില എന്നി വയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയ

നാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാർ ധാരാളമായുള്ള മറ്റ ജില്ലകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## 49. പട്ടികജാതി/പട്ടികവർഗ വികസനസഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാനഫെഡറേഷൻ

കേരള സംസ്ഥാനപട്ടികജാതി/ പട്ടികവർഗ സഹകരണ ഫേഡറേഷന് ചെറുകിട വനവിഭവങ്ങളുടെ ശേഖരവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം നൽകാറുണ്ട്. ധനസഹായം ഓഹരി മൂലധനം നിക്ഷേപം ചെറുകിട വനവിഭവ ഉൽപ്പന്നങ്ങളുടെ ശേഖരണം ഗോഡൗൺ വെയർഹൗസ് എന്നിവയുടെ നിർമ്മാണം മുതലായ ഘടകങ്ങൾക്കായാണ് നൽകുന്നത്.

## 50 കേരള സംസ്ഥാനപട്ടികജാതി/ പട്ടികവർഗ്ഗ കോർപ്പറേഷൻ

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമനപരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാനപട്ടികജാതി/ പട്ടികവർഗ വികസനകോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം അനുവദിക്കണം.

## 51. ഗിരിവർഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

വളരെ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലൂള്ള സ്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20%ൽ കൂടുതൽ പട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും പട്ടികവർഗ മേഖലകളിലും ആശുപത്രികളിലെയും പട്ടികവർഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിമൂലം സാധിക്കുന്നു.

## 52. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗക്കാർ വനത്തിനുള്ളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നതായി കാണക്കാക്കിയിട്ടുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം ഉണ്ടാക്കി കൊടുക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക. ആരോഗ്യ പരിരക്ഷ നൽകുക ഇവരുടെ പ്രാദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക എന്നീ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി വനം വകുപ്പും പട്ടികവർഗ വികസനവകുപ്പും സംയുക്തമായിട്ടാണ് നടപ്പാക്കുന്നത്.

## 53. ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാചെലവ്

സംസ്ഥാനജില്ലാ പട്ടികവർഗ ഉപദേശക സമിതി അംഗങ്ങൾക്ക് ഉപദേശകസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവ് നൽകുന്ന പദ്ധതി

## 54. അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സ്കീം നടപ്പാക്കൽ

പട്ടികവർഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള ധനസഹായം, കോടതിയിൽ വരുന്നതിന് യാത്രാപ്പടി നൽകുക, മിശ്രവിവാഹ ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവയാണ് സർക്കാർ ലക്ഷ്യമാക്കുന്നത്.

## 55. വനാവകാശ നിയമം 2006 (ഫോറസ്റ്റ് റൈറ്റ്സ് ആക്ട്)

കേന്ദ്ര സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി 2007 ജനുവരി 2ന് ഈ നിയമം നിലവിൽ വന്നു. 1.10.2008 ന് നിയമം നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012 ൽ ഈ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചു. വനഭൂമിയിൽ തലമുറകളായി താമസിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗക്കാരുടെ യും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പട്ടികവർഗക്കാരായ വനവാസികളെ സംബന്ധിച്ച് 2005 ഡിസംബർ 13 നോ അതിനുമുമ്പോ കൈവശമുണ്ടായിരിക്കുകയും സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, ആ വനഭൂമി തന്നെയോപട്ടികവർഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്.

**പ്രധാനമായും മൂന്നുതരം വനാവകാശങ്ങളാണുള്ളത്.**

**എ) വ്യക്തിഗത ക്ലെയിമുകൾ**

വനത്തിൽ സ്ഥിരമായി താമസിക്കുന്നതിനും ഭൂമി കൈവശം വച്ച് ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം.

**ബി) പൊതു അവകാശങ്ങൾ**

വനവിഭവ ശേഖരണം, കന്നുകാലികളെ തീറ്റൽ, ജലാശയങ്ങളിൽ നിന്നും മീൻ പിടിക്കുക തുടങ്ങിയവ ഈ ഗണത്തിൽപ്പെടും.

**സി) വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ**

സ്കൂളുകൾ, ഡിസ്പെൻസറികൾ, അംഗൻവാടികൾ, വൈദ്യുതി ലൈനുകൾ, ടെലികമ്മ്യൂണിക്കേഷൻ ലൈനുകൾ, ശുദ്ധജല പദ്ധതികൾ, റോഡുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഡി) 1975 ലെ കേരള സംസ്ഥാന(ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം

കേരള സംസ്ഥാനത്തിലെ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്യാധീനപ്പെട്ട ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് കോമ്പൻസേഷൻ നൽകുന്നതിനും വീണ്ടെടുത്ത ഭൂമിയിൽ പട്ടിക വർഗക്കാരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

## 56. കടം എഴുതി തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 1-4-2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി സ.ഉ.(അ) നം.71/2015 പജ. പവ.വിവ. തീയതി, 1-10-2015 പ്രകാരം അനുവദിച്ചു വരുന്നു. ആയതിൻപ്രകാരം 3022 ഗുണഭോക്താക്കൾക്കായി 8,45,89,698 രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

## 57. ഹഡ്കോ ഭവനനിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ 5000 കിടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പ എടുക്കുന്നതിന് സ.ഉ (എം.എസ്) നം. 101/13/ പജ. പവ.വിവ. തീയതി, 12-12-13 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘടങ്ങളിലായി പുരോഗമിച്ചു വരുന്നു.

## 58. എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2015-2016 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 9362 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുകയും ചെയ്യുന്നു.

## 59. കമ്മ്യൂണിറ്റി കിച്ചൻ

പോഷകഹാര കുറവ് പരിഹരിക്കുന്നതിനായി. അട്ടപ്പാടി മേഖലയിൽ പട്ടിക വർഗ്ഗ വികസനവകുപ്പ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേനകുടുംബശ്രീ വഴി ഭക്ഷണം പാകം ചെയ്ത് നൽകുന്ന പദ്ധതി.ടി പദ്ധതി മലപ്പുറം, കാസർഗോഡ്, വയനാട് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 60. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി

## 61. വംശീയ വൈദ്യൻമാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10000/-രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതി വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരഞ്ഞെടുക്കുകയും തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

## 62. ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ / സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം.ബി.ബി.എസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ, എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

## 63. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസനപരിശീലനത്തിനുമുള്ള സഹായം.

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുവേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിയ്ക്കുന്നു. പരാമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 60 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിയ്ക്കണം, അനാഥർ വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

## 64. വനബന്ധു കല്യാൺ യോജന

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യമന്ത്രാലയം തുടങ്ങിയ പദ്ധതിയാണ്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സമ്പൂർണ്ണ ഭവനം, ആരോഗ്യം, വൈദ്യുതീകരണം, ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽക്കൽ ലഭ്യമാക്കുക. ഗുണനിലവാരംമുള്ള ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക. പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക, പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക, സ്ഥലത്തിന് അനുയോജ്യമായ റോഡ്, പട്ടികവർഗ്ഗ സംസ്കാരത്തിന്റെ പൈതൃകത്തിന്റെ സംരക്ഷണവും പ്രോത്സാഹനവും ആണ്.

## 68. വയനാട് ഗോത്രഭാഷ പഠനകേന്ദ്രം

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തനസമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്ക്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വെ വ്യക്തിഗത അഭിമുഖം ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കുന്ന പഠനകേന്ദ്രം.

## 69. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തയ്യാറാക്കുന്ന മൈക്രോപ്ലാൻ അതാത് ജില്ലാകളക്ടറുടെ അംഗീകാരം തേടേണ്ടതാണ്.

# പദ്ധതി വിഹിതം 2017-2018

| ക്രമ നം | പദ്ധതികൾ<br>ഭരണവും നടത്തിപ്പും | പദ്ധതി വിഹിതം പ്ലാൻ (രൂപ ലക്ഷത്തിൽ) | പദ്ധതി വിഹിതം നോൺ പ്ലാൻ (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തിൽ (കോർപ്പസ് ഫണ്ട്) | 5079.00 | |
| 2. | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്ന തിനുള്ള ചെലവുകൾ | 5500.00 | |
| 3. | ഭവനനിർമ്മാണം | 11508.00 | |
| 4. | ചെറു സങ്കേതങ്ങളുടെ വികസനപദ്ധതി | 1000.00 | |
| 5. | ഭൂരരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം | 5000.00 | |
| 6. | പൂൾഡ് ഫണ്ട്- പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ള തുമായ പ്രത്യേക പ്രൊജക്ടുകൾക്കായുള്ള ഫണ്ട്. | 1000.00 | |
| 7. | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഹോണറേറിയം | | |
| | 1) എസ്.റ്റി പ്രൊമോട്ടർ | 1360 | |
| | 2) ഊരുകൂട്ടങ്ങളുടെ സംഘടനം | 80 | |
| | 3) മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം | 228 | |
| | 4) ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലൂമുള്ള സ്റ്റുഡന്റ് കൗൺസിലർ മാർക്ക് ഹോണറേറിയം | 98 | |
| | 5) പട്ടികവർഗ്ഗ ആരോഗ്യ സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ | 125 | |
| 8. | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം | 2000 | |
| | 1) ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ് | | |
| | 2) ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം | | |
| | 3) പട്ടികവർഗ്ഗ ആശ്വാസ നിധി | | |
| 9. | ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പി ലാക്കുന്ന പദ്ധതികൾ (ഇതര കേന്ദ്ര സഹായം) | 600 | |
| 10. | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | 1500 | |

| | | | |
|---|---|---|---|
| | 1) പ്രാക്തനഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം | | |
| | 2) വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി | | |
| | 3) ഗോത്ര സാരഥി 4 സാമൂഹ്യപഠനമുറി | | |
| 11 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | | |
| | 1) പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 250 | |
| | 2) സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം | 175 | |
| | 3) ജനനി ജന്മരക്ഷ | 1500.00 | |
| | 4) പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള സാമ്പത്തിക സഹായം | 25.00 | |
| 12. | പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 500.00 | |
| 13. | ഭക്ഷണ സഹായ പദ്ധതി | 2500 | |
| 14. | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസനപരിശീലനത്തിനുമുള്ള സഹായം | 500 | |
| 15. | പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം (ഇതരകേന്ദ്ര സഹായം) | 250 | |
| 16. | അടിയൻ, പണിയൻ, പ്രാക്തനഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500 | |
| | 1) അടിയൻ, പണിയൻ, പ്രാക്തനഗോത്ര വർഗ്ഗ വിഭാഗം | | |
| | 2) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. | | |
| | 3) അഗതി മന്ദിരം | | |
| 17. | പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 220 | |
| 18. | വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായം | | |
| | 1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം | 140 | |
| | 2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി | 60 | |
| | 3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ഭാരത ദർശൻ പഠനയാത്രയ്ക്കുള്ള സഹായം | 70 | |
| | 4)അനാഥരായ കുട്ടികൾക്കുള്ള സഹായം | 100 | |
| | 5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 140 | |
| 19. | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 250 | |
| | 1) ഭാരത അന്താരാഷ്ട്ര വ്യാപാരമേള | | |

| | | | |
|---|---|---|---|
| | 2) സംസ്ഥാനകലാ വ്യാപാര മേള (ഗദ്ദിക)<br>3) റിപ്പബ്ലിക് ദിനാഘോഷ പരിപാടി<br>4) സർഗ്ഗോത്സവം, കളിക്കളം<br>5) സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണവുമായി ബന്ധപ്പെട്ട അവാർഡുകൾ , ട്രൈബൽ കോംപ്ലക്സ് പ്രവർത്തനചെലവുകൾ. | | |
| 20. | പട്ടികവർഗ്ഗ വികസനവകുപ്പ് നവീകരണം | 200 | |
| 21. | 1999ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പിലാക്കലും. | 50 | |
| 22. | പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 125 | |
| 23. | പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യന്മാർക്കുള്ള സ്റ്റേറ്റ് സെന്റർ | 50 | |
| 24. | ആദികലാ ഗ്രാമം/ ആദികലാ കേന്ദ്രത്തിന്റെ സഹായം | 30 | |
| 25. | പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടേയും ആശ്രമം സ്കൂളുകളുടേയും നിർമ്മാണം (50% സംസ്ഥാനവിഹിതം) | 1500 | |
| 26. | ആൺ കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാനവിഹിതം) | 450 | |
| 27. | കേരള സംസ്ഥാനപട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലനവികസനഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50% സംസ്ഥാന വിഹിതം) | 125 | |
| 28. | കേരള സംസ്ഥാനപട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം- റ്റി.എസ്.പി (51% സംസ്ഥാനവിഹിതം) | 24.50 | |
| 29. | അതിക്രമം തടയൽ നിയമം നടപ്പാക്കൽ (50% സംസ്ഥാനവിഹിതം) | 30.00 | |
| 30. | തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ / സ്ഥലങ്ങളിൽ ഉള്ള പട്ടിക വർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസനം | 15000 | |
| 31. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ | 3000 | |
| 32. | പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം | 1300 | |
| 33. | 10-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്ര സഹായ പദ്ധതി) | 500 | |

| | | | |
|---|---|---|---|
| 34. | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം<br>(100% കേന്ദ്ര ധനസഹായ പദ്ധതി ) | 350 | |
| 35. | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ<br>കെട്ടിട നിർമ്മാണം<br>(100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275 (1) പ്രകാരം) | 350 | |
| 36. | ആർട്ടിക്കിൾ 275 (1) പ്രകാരം പട്ടികവർഗ്ഗക്കാരു<br>ടേയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കു<br>ന്നവരുടേയുംനിയമം (2006) നടപ്പാക്കൽ<br>(വനാവകാശ നിയമം അംഗീകരിക്കൽ) | 60 | |
| 37. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത<br>പരിശീലനസ്ഥാപനം | 80 | |
| 38. | പ്രാക്തനഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും<br>വികസനവും ചേർന്നുള്ള പദ്ധതി<br>(സി.സി.ഡി. പദ്ധതി) | 0.01 | |
| 39. | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 | |
| 40. | കേരള സംസ്ഥാനപട്ടികജാതി/പട്ടികവർഗ്ഗ<br>സഹകരണ ഫെഡറേഷന് ധനസഹായം | 0.01 | |
| 41. | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം<br>മെച്ചപ്പെടുത്തൽ | 0.01 | |
| 42. | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യ<br>ങ്ങളോടു കൂടിയ ഹോസ്റ്റലുകൾ | 199.76 | |
| 43. | മെട്രിക്കുലേഷനു മുമ്പുള്ള പഠനങ്ങൾ | | 1650 |
| 44. | മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾ | | 630 |
| 45. | നഴ്സറി സ്കൂൾ | | 163.07 |
| 46. | വസ്ത്രം നൽകൽ | | 15 |
| 47. | ബോർഡിംഗിനുള്ള ധനസഹായം | | 20 |
| 48. | ഗിരിവർഗ്ഗ ഹോസ്റ്റൽ | | 3300.56 |
| 49. | വിദഗ്ദരായ വിദ്യാർത്ഥികൾക്ക് പ്രത്യേക<br>പ്രോത്സാഹനം | | 0.01 |
| 50. | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക്<br>പ്രോത്സാഹനം | | 157 |
| 51. | ഉല്പാദനപരിശീലനകേന്ദ്രങ്ങൾ | | 21.71 |
| 52. | വ്യവസായിക പരിശീലനകേന്ദ്രങ്ങൾ | | 221.46 |
| 53. | സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകം | | 75.52 |
| 54. | വൈദ്യ സഹായ ഘടകങ്ങൾ | | 476.26 |
| 55. | പ്ലാനിംഗ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം | | 76.44 |
| 56. | വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം | | 35.91 |
| | 1) റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്,<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യാത്രാ ചെലവ് | | 0.10 |
| | 2) വയോജനവിദ്യാഭ്യാസം | | 0.01 |

| | | | |
|---|---|---|---|
| | 3) ഓലമേയുന്നതിന് ധനസഹായം | | .50 |
| | 4) കിണറുകളും ജലവിതരണവും | | 0.50 |
| | 5)സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് സബ്സിഡി | | 0.15 |
| | 6) മിശ്രവിവാഹ ധനസഹായം | | 10.00 |
| | 7) ബാലവാടികളും ക്രഷുകളും | | 15.00 |
| 57. | ചീങ്ങേരി വികസനപദ്ധതി | | 26.82 |
| 58. | ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാ ചെലവ് | | 0.15 |
| 59. | വ്യവസായം, കച്ചവടം ആരംഭിക്കുന്നതിന് വായ്പ | | 0.01 |
| 60. | വനബന്ധു കല്യാൺ യോജന | 1000 | |
| 61. | ഹാംലറ്റ് വികസനപദ്ധതി | 1000 | |
| 62. | വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം | 10.00 | |
| 63. | ഗോത്ര വാത്സ്യ നിധി | 200.00 | |
| 64. | ഗോത്രബന്ധു | 400.00 | |
| 65. | പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി | .01 | |

## 1. വയനാട് ഗോത്രഭാഷ പഠനകേന്ദ്രം

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തനസമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്ക്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ,സർവ്വെ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കു പഠനകേന്ദ്രം.

## 2. പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി

ചിന്നിച്ചിതറി താമസിക്കു ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോ പ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തയ്യാറാക്കു മൈക്രോപ്ലാൻ അതാത് ജില്ലാകളക്ടറുടെ അംഗീകാരം തേടേണ്ടതാണ്.

## 3 പട്ടികവർഗ്ഗ പെകുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി (ഗോത്ര വാത്സല്യ നിധി)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക, കൊഴിഞ്ഞു പോകുന്നത് തടയുക എന്നീ കാര്യങ്ങൾക്ക് വേണ്ടി ഒരു ഇൻഷുറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ഇൻഷ ുർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾ 10-ാം ക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നത്. ഇത് അനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ തുടങ്ങി പ്രതിരോധ കുത്തിവയ്പ് സ്കൂൾ പ്രവേശനം തുടങ്ങിയ നടപടികളിലൂടെ പെൺകുട്ടി പത്താം ക്ലാസിൽ എത്തുതോടെ സ്വയം പര്യാപ്തത കൈവരിക്കുന്നത്. ഇൻഷുറൻസ് തുക ജീവിത നിലനിൽപ്പിനായോ ഉന്നത വിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാവുന്നതാണ്. ഇതിനുള്ള തുടർനടപടികൾ സർക്കാർ ഉത്തരവിന് വിധേയമായി സ്വീകരിക്കുന്നതാണ്.

## 4. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടിടിസി/ബിഎഡ് യോഗ്യതയുള്ള പ്രദേശത്തെ യുവവിദ്യാ സമ്പന്നനെ(ആണോ/ പെണ്ണോ) ആദിവാസി ഭാഷയുടേയും മലയാള ഭാഷയുടേയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി പ്രൈമറി സ്കൂളിൽടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ പ്രവർത്തിക്കാൻ പദ്ധതി വിഭാവനചെയ്യുന്നു. ഗോത്രവിഭാഗ

ത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞുപോക്ക് കുറക്കുകയും 100 ശതമാനം ആദിവാസി കുട്ടികൾക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്ന ഉപദേശകനായോ സോഷ്യൽ വർക്കറായോ ടി അദ്ധ്യാപകൻ പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റേയും വിദ്യാർത്ഥികളുടേയും ഇടയിൽ മുഖ്യകണ്ണിയായി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി വയനാട് ജില്ലയിൽ ആരംഭിച്ചു. വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## 5. സാമൂഹ്യപഠനമുറി

പട്ടികവർഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുത്. അതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളോ, മറ്റ് സമാനഇടങ്ങളോ കണ്ടെത്തുന്നതാണ്. കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പഠന സാമഗ്രികൾ വിതരണം, ലഘുഭക്ഷണം നൽകൽ എിവയും കംപ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യം വയ്ക്കുത്. ഇവിടെ ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 15000/- രൂപാ ഓണറേറിയം ലഭിക്കുന്നതാണ്. അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണുതിന് ഈ പദ്ധതി വഴി സാധിക്കും.

## 6. അംബേദ്ക്കർ സെറ്റിൽമെന്റ് വികസനപദ്ധതി

